## ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു

ദൂത് രണ്ട്

### അവന്റെ ഉപദേശ വചനങ്ങൾക്കും മുന്നറിയിപ്പുകൾക്കും ശ്രദ്ധ നൽകിയും, നമ്മുടെ അകത്തെ മനുഷ്യൻ നാൾതോറും പുതുക്കപ്പെടുവാനുള്ള അവന്റെ പുതുക്കപ്പെട്ട പരിശീലനം സ്വീകരിച്ചുംകൊണ്ട് സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ നല്ലദേശമായി അവകാശമാക്കുന്നു

EM *Hymns:* ML44, ML191

തിരുവെഴുത്ത് വായന: എബ്രാ. 3:12, 16-19; 4:2, 6; 11:1; 1 കൊരി. 10:1-14; സങ്കീ. 106:24-25; ആവ. 8:3; മത്താ. 4:4

Heb. 3:12 സഹോദരന്മാരേ, ജീവനുള്ള ദൈവത്തിൽ നിന്ന് പിൻവാങ്ങുന്ന അവിശ്വാസത്തിന്റെ ദുഷ്ട ഹൃദയം ഒരുപക്ഷേ നിങ്ങളിൽ ആരിലും ഉണ്ടാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ.

Heb. 3:16 അവർ കേട്ടപ്പോൾ അവനെ പ്രകോപിപ്പിച്ചത് ആർ? മോശെയാൽ മിസ്രയീമിൽ നിന്ന് പുറത്തുവന്ന എല്ലാവരും അല്ലയോ?

Heb. 3:17 നാൽപതു വർഷക്കാലം ആരോടായിരുന്നു അവൻ നീരസപ്പെട്ടത്? പാപം ചെയ്ത്, തങ്ങളുടെ ശവങ്ങൾ മരുഭൂമിയിൽ വീണവരോടല്ലയോ?

Heb. 3:18 അനുസരണംകെട്ടവരോടല്ലാതെ ആരോടായിരുന്നു തന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല എന്ന് അവൻ ആണയിട്ടത്?

Heb. 3:19 അവിശ്വാസം നിമിത്തം അവർക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല എന്ന് നാം കാണുന്നു.

Heb. 4:2 തീർച്ചയായും അവരോട് എന്നപോലെ, നമ്മോടും സദ്വർത്തമാനം അറിയിച്ചിരിക്കുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസത്തോടുകൂടെ കലരാതിരുന്നിട്ട്, കേട്ട വചനം അവർക്കു പ്രയോജനം ചെയ്തില്ല.

Heb. 4:6 അതുകൊണ്ട് ചിലർ അതിലേക്ക് പ്രവേശിക്കണം എന്നത് നിലനിൽക്കുകയും, മുമ്പ് സദ്വർത്തമാനം അറിയിക്കപ്പെട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശിക്കാതെയും ഇരുന്നതിനാൽ,

Heb. 11:1 വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണം, കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ആകുന്നു.

1 Cor. 10:1 എന്തെന്നാൽ സഹോദരന്മാരേ, നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല, നമ്മുടെ പിതാക്കന്മാർ എല്ലാം മേഘത്തിൻ കീഴിലായിരുന്നു, എല്ലാവരും സമുദ്രത്തിലൂടെ കടന്നുപോകുകയും ചെയ്തു;

1 Cor. 10:2 എല്ലാവരും മേഘത്തിലും സമുദ്രത്തിലും മോശെയിങ്കലേക്ക് സ്നാനപ്പെട്ടു;

1 Cor. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

1 Cor. 10:5 എന്നാൽ അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ ചിതറിച്ചുകളഞ്ഞു.

1 Cor. 10:6 അവർ മോഹിച്ചതു പോലെ, നാം ദുർമോഹികൾ ആകാതിരിക്കേണ്ടതിന്,

ഇവയൊക്കെയും നമുക്ക് ദൃഷ്ടാന്തങ്ങളായി സംഭവിച്ചു.

1 Cor. 10:7 "ജനം ഭക്ഷിക്കുവാനും പാനം ചെയ്യുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം, അവരിൽ ചിലർ ചെയ്തതുപോലെ വിഗ്രഹാരാധികൾ ആയിത്തീരരുത്.

1 Cor. 10:8 അവരിൽ ചിലർ പരസംഗം ചെയ്ത്, ഒരു ദിവസം ഇരുപത്തിമൂവായിരം പേർ വീണതുപോലെ, നാം പരസംഗം ചെയ്യരുത്.

1 Cor. 10:9 അവരിൽ ചിലർ അവനെ പരീക്ഷിച്ചിട്ട് സർപ്പങ്ങളാൽ നശിച്ചതുപോലെ, നാം ക്രിസ്തുവിനെ പരീക്ഷിക്കരുത്.

1 Cor. 10:10 അവരിൽ ചിലർ പിറുപിറുത്ത് സംഹാരകനാൽ നശിച്ചതുപോലെ, പിറുപിറുക്കരുത്.

1 Cor. 10:11 ഈ കാര്യങ്ങൾ അവർക്ക് ദൃഷ്ടാന്തമായി സംഭവിച്ചു, യുഗങ്ങളുടെ അവസാനം എത്തിച്ചേർന്നിരിക്കുന്ന നമ്മുടെ ഗുണദോഷത്തിനായി ഇവ എഴുതിയിരിക്കുന്നു.

1 Cor. 10:12 അതിനാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ.

1 Cor. 10:13 മനുഷ്യനു പൊതുവായിട്ടുള്ളതല്ലാതെ ഒരു പരീക്ഷയും നിങ്ങൾ നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിനപ്പുറം പരീക്ഷിക്കപ്പെടുവാൻ അനുവദിക്കാതെ പരീക്ഷയോടൊപ്പം അതിനെ സഹിക്കുവാൻ കഴിയേണ്ടതിനു പുറത്തേക്കുള്ള വഴിയും ഉണ്ടാക്കും.

1 Cor. 10:14 ആകയാൽ എന്റെ പ്രിയരേ, വിഗ്രഹാരാധനയിൽനിന്ന് ഓടിപ്പോകുവിൻ.

Psa. 106:24 അവർ മനോഹരദേശത്തെ നിരസിച്ചു; അവന്റെ വചനത്തെ വിശ്വസിച്ചതുമില്ല.

Psa. 106:25 അവർ തങ്ങളുടെ കൂടാരങ്ങളിൽവെച്ചു പിറുപിറുത്തു; യഹോവയുടെ വചനം കേൾക്കാതെയിരുന്നു.

Deut. 8:3 അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കയും മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല യഹോവയുടെ വായിൽനിന്നു പുറപ്പെടുന്ന സകലവചനംകൊണ്ടും ജീവിക്കുന്നു എന്നു നിന്നെ ഗ്രഹിപ്പിക്കേണ്ടതിന്നു നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്നകൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്തു.

Matt. 4:4 എന്നാൽ അവൻ, "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കും" എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.

**I. യിസ്രായേൽമക്കളെ ദൈവം വിളിച്ചതിലുള്ള ലക്ഷ്യം, അവർ ഭൂമിയിൽ ദൈവത്തിന്റെ രാജ്യം സ്ഥാപിക്കുകയും ദൈവത്തിന്റെ ആവിഷ്കാരമാകുകയും ചെയ്യത്തക്കവണ്ണം വാഗ്ദത്തദേശത്തിന്റെ സമ്പന്നത ആസ്വദിക്കുവാൻ അവർ അതിലേക്ക് പ്രവേശിക്കണം എന്നതായിരുന്നു—പുറ. 3:8, 14, 17:**

Exo. 3:8 അവരെ മിസ്രയീമ്യരുടെ കയ്യിൽനിന്നു വിടുവിപ്പാനും ആ ദേശത്തുനിന്നു നല്ലതും വിശാലവുമായ ദേശത്തേക്കു, പാലും തേനും ഒഴുകുന്ന ദേശത്തേക്കു, കനാന്യർ, ഹിത്യർ, അമോർയ്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നവരുടെ സ്ഥലത്തേക്കു അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു.

Exo. 3:14 അതിന്നു ദൈവം മോശെയോടു: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയേണം എന്നു കല്പിച്ചു.

Exo. 3:17 മിസ്രയീമിലെ കഷ്ടതയിൽനിന്നു കനാന്യർ, ഹിത്യർ, അമോർയ്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തേക്കു, പാലും തേനും ഒഴുകുന്ന ദേശത്തേക്കു നിങ്ങളെ കൊണ്ടുപോകുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പറക.

A. എല്ലാ യിസ്രായേലും പെസഹയിലൂടെ വീണ്ടെടുക്കപ്പെടുകയും, മിസ്രയീമ്യ ദുർഭരണത്തിൽനിന്ന് വിടുവിക്കപ്പെടുകയും, ദൈവത്തിന്റെ വാസസ്ഥലമായ കൂടാരത്തിന്റെ വെളിപാട് സ്വീകരിക്കുവാൻ ദൈവത്തിന്റെ പർവതത്തിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്തുവെങ്കിലും, അവരുടെ ദുഷ്പ്രവൃത്തികളും അവിശ്വാസവും നിമിത്തം മിക്കവാറും എല്ലാവരും വീണുപോകുകയും, ഈ ലക്ഷ്യത്തുവാൻ കഴിയാതെ (എബ്രാ. 3:7-19) മരുഭൂമിയിൽ മരിക്കുകയും ചെയ്തു.

Heb. 3:7 അതുകൊണ്ട് പരിശുദ്ധാത്മാവ് പറയുന്നതുപോലെ, "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ,

Heb. 3:8 മരുഭൂമിയിൽവച്ചുള്ള പരീക്ഷാദിവസത്തിലെ പ്രകോപനത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്,

Heb. 3:9 അവിടെ നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചുകൊണ്ട് എന്നെ ശോധന ചെയ്യുകയും നാൽപത് വർഷം എന്റെ പ്രവൃത്തികളെ കാണുകയും ചെയ്തു.

Heb. 3:10 അതുകൊണ്ട് ഈ തലമുറയോട് എനിക്ക് നീരസമുണ്ടായി, ഞാൻ പറഞ്ഞു, അവർ എപ്പോഴും തങ്ങളുടെ ഹൃദയത്തിൽ വഴിതെറ്റിപ്പോകുന്നു, എന്റെ വഴികളെ അവർ അറിഞ്ഞിട്ടില്ല;

Heb. 3:11 അവർ എന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുകയില്ല! എന്ന് ഞാൻ എന്റെ ക്രോധത്തിൽ ആണയിട്ടു."

Heb. 3:12 സഹോദരന്മാരേ, ജീവനുള്ള ദൈവത്തിൽ നിന്ന് പിൻവാങ്ങുന്ന അവിശ്വാസത്തിന്റെ ദുഷ്ട ഹൃദയം ഒരുപക്ഷേ നിങ്ങളിൽ ആരിലും ഉണ്ടാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ.

Heb. 3:13 എന്നാൽ നിങ്ങളിൽ ആരുംതന്നെ പാപത്തിന്റെ വഞ്ചനയാൽ കഠിന പ്പെടാതിരിക്കേണ്ടതിന്, "ഇന്ന്" എന്ന് പറയുന്നേടത്തോളം, ഓരോ ദിവസവും അന്യോന്യം പ്രബോധിപ്പിക്കുവിൻ—

Heb. 3:14 എന്തെന്നാൽ നിശ്ചയത്തിന്റെ ആരംഭം ദൃഢമായി അവസാനം വരെ നാം മുറുകെപ്പിടിച്ചാൽ, തീർച്ചയായും നാം ക്രിസ്തുവിന്റെ കൂട്ടാളികൾ ആയിത്തീർന്നിരിക്കുന്നു—

Heb. 3:15 "ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, പ്രകോപനത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" എന്ന് പറഞ്ഞിരിക്കുന്നതുപോലെ തന്നെ.

Heb. 3:16 അവർ കേട്ടപ്പോൾ അവനെ പ്രകോപിപ്പിച്ചത് ആർ? മോശെയാൽ മിസ്രയീമിൽ നിന്ന് പുറത്തുവന്ന എല്ലാവരും അല്ലയോ?

Heb. 3:17 നാൽപതു വർഷക്കാലം ആരോടായിരുന്നു അവൻ നീരസപ്പെട്ടത്? പാപം ചെയ്ത്, തങ്ങളുടെ ശവങ്ങൾ മരുഭൂമിയിൽ വീണവരോടല്ലയോ?

Heb. 3:18 അനുസരണംകെട്ടവരോടല്ലാതെ ആരോടായിരുന്നു തന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല എന്ന് അവൻ ആണയിട്ടത്?

Heb. 3:19 അവിശ്വാസം നിമിത്തം അവർക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല എന്ന് നാം കാണുന്നു.

B. നാം ക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെടുകയും, സാത്താന്റെ അടിമത്തത്തിൽനിന്ന് വിടുവിക്കപ്പെടുകയും, ദൈവത്തിന്റെ വ്യവസ്ഥയുടെ വെളിപാടിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും, ദൈവത്തിന്റെ വിളിയുടെ ലക്ഷ്യത്തിലെത്തുവാൻ, അതായത്, ഇപ്പോഴത്തെ യുഗത്തിൽ നാം അവന്റെ ആവിഷ്കാരമായിരിക്കേണ്ടതിനും രാജ്യയുഗത്തിൽ ക്രിസ്തുവിന്റെ അങ്ങേയറ്റത്തെ ആസ്വാദനത്തിൽ പങ്കുചേരേണ്ടതിനും, ക്രിസ്തു ആകുന്ന നമ്മുടെ നല്ലദേശത്തിന്റെ അവകാശത്തിലേക്ക് പ്രവേശിക്കുവാനും ദൈവരാജ്യത്തിനുവേണ്ടി അവന്റെ സമ്പന്നത ആസ്വദിക്കുവാനും നാം പരാജയപ്പെട്ടേക്കാം എന്ന് ഇതു സൂചിപ്പിക്കുന്നു—മത്താ. 25:21, 23.

Matt. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

Matt. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

C. കാലേബും യോശുവയും മാത്രമേ ലക്ഷ്യത്തിലെത്തുകയും നല്ലദേശത്തിലേക്ക് പ്രവേശിക്കുകയും ചെയ്തുള്ളൂ; കാലേബിനെയും യോശുവയെയുംപോലെ, പുതിയനിയമ വിശ്വാസികളായ നാം "സമ്മാനത്തിനായി" (സഹസ്രാബ്ദ രാജ്യത്തിലെ ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനം) "ലക്ഷ്യത്തിലേക്ക് പിൻപറ്റണം" (ക്രിസ്തുവിന്റെ പൂർണ്ണ ആസ്വാദനവും നേട്ടവും)—സംഖ്യ. 14:27-30; ഫിലി. 3:12-14:

Num. 14:27 ഈ ദുഷ്ടസഭ എത്രത്തോളം എനിക്കു വിരോധമായി പിറുപിറുക്കും? യിസ്രായേൽമക്കൾ എനിക്കു വിരോധമായി പിറുപിറുക്കുന്നതു ഞാൻ കേട്ടിരിക്കുന്നു.

Num. 14:28 അവരോടു പറവിൻ: ഞാൻ കേൾക്കെ നിങ്ങൾ പറഞ്ഞതുപോലെ തന്നേ, എന്നാണ, ഞാൻ നിങ്ങളോടു ചെയ്യുമെന്നു യഹോവ അരുളിച്ചെയ്യുന്നു.

Num. 14:29 ഈ മരുഭൂമിയിൽ നിങ്ങളുടെ ശവം വീഴും; യെഫുന്നയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും ഒഴികെ ഇരുപതു വയസ്സുമുതൽ മേലോട്ടു എണ്ണപ്പെട്ടവരായി

Num. 14:30 എന്റെ നേരെ പിറുപിറുത്തവരായ നിങ്ങളുടെ എണ്ണത്തിൽ ആരും ഞാൻ നിങ്ങളെ പാർപ്പിക്കുമെന്നു സത്യം ചെയ്തിട്ടുള്ള ദേശത്തു കടക്കയില്ല.

Phil. 3:12 നേടിക്കഴിഞ്ഞു എന്നോ, തികഞ്ഞവനായിക്കഴിഞ്ഞു എന്നോ അല്ല, എന്നാൽ ക്രിസ്തു യേശുവിനാൽ ഞാൻ എന്തിന് പിടിക്കപ്പെട്ടുവോ, അത് ഞാനും പിടിക്കാമോ എന്നുവച്ച് പിൻപറ്റുന്നതേയുള്ളൂ.

Phil. 3:13 സഹോദരന്മാരേ, പിടിച്ചിരിക്കുന്നതായി ഞാൻ എന്നെത്തന്നെ എണ്ണുന്നില്ല; എന്നാൽ ഒന്ന് ഞാൻ ചെയ്യുന്നു: പിന്നിലുള്ളവയെ മറന്നുകൊണ്ടും മുന്നിലുള്ളവയ്ക്കായി മുന്നോട്ടാഞ്ഞുകൊണ്ടും,

Phil. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

1. ദേശത്തെ ഒറ്റുനോക്കുവാൻ മോശെ അയച്ച പന്ത്രണ്ടുപേരിൽ പത്തുപേരും യിസ്രായേൽമക്കൾ പിറുപിറുക്കുവാനും കർത്താവിന്റെ വചനത്തിനെതിരെ

മത്സരിക്കുവാനും ഇടയാക്കിയ ഒരു ദുർവാർത്ത കൊണ്ടുവന്നു, എന്നാൽ കാലേബും യോശുവയും മുഴുവൻ സഭയോടും പറഞ്ഞു: "യഹോവയോട് നിങ്ങൾ മത്സരിക്ക മാത്രം അരുത്; ആ ദേശത്തിലെ ജനത്തെ [അനാക്യരെ] ഭയപ്പെടരുത്; അവർ നമുക്ക് അപ്പമാകുന്നു"—സംഖ്യ. 14:9.

2. ദൈവത്തിന്റെ വചനം നമ്മുടെ അപ്പമാണ് (മത്താ. 4:4), ദൈവഹിതം ചെയ്യുന്നത് നമ്മുടെ ആഹാരമാണ് (യോഹ. 4:34), അനാക്യരും നമ്മുടെ അപ്പമാണ് (സംഖ്യ. 14:9), സഭയുടെ കെട്ടുപണിക്കുവേണ്ടി നാം ക്രിസ്തുവിനെ പിൻപറ്റുന്ന കാര്യത്തിൽ പ്രത്യക്ഷത്തിൽ തരണംചെയ്യുവാൻ കഴിയാത്ത പ്രതിബന്ധങ്ങളെയും അസാധ്യമായ സാഹചര്യങ്ങളെയും അനാക്യർ പ്രതിനിധീകരിക്കുന്നു.

Matt. 4:4 എന്നാൽ അവൻ, "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കും" എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.

John. 4:34 യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു.

Num. 14:9 യഹോവയോടു നിങ്ങൾ മത്സരിക്കമാത്രം അരുതു; ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുതു; അവർ നമുക്കു ഇരയാകുന്നു; അവരുടെ ശരണം പോയ്പോയിരിക്കുന്നു; നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ടു അവരെ ഭയപ്പെടരുതു.

3. നമ്മുടെ വഴിയിൽ സാത്താൻ വയ്ക്കുന്ന ഏത് പ്രയാസവും പ്രലോഭനവും നമുക്ക് ആഹാരമാണ്; ഇത് ആത്മിക മുന്നേറ്റത്തിനുള്ള ദൈവ-നിയോഗിത മുഖാന്തരമാണ് (1 തിമൊ. 4:15-16); വിജയത്തിനുവേണ്ടി നാം കർത്താവിൽ ആശ്രയിക്കുകയും നമ്മിൽ വെളിപ്പെടുവാൻ അവന്റെ ജയിക്കുന്ന ജീവനെ നാം അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം പുതുമയുള്ള പോഷണവും വർധിതമായ ചൈതന്യവും കണ്ടെത്തും (യോശു. 14:11-15).

1 Tim. 4:15 ഇവയെ അഭ്യസിക്കുക; നിന്റെ പുരോഗതി എല്ലാവർക്കും വെളിവാകേണ്ടതിന് അവയിൽ ആയിരിക്കുക.

1 Tim. 4:16 നിന്നെത്തന്നെയും നിന്റെ ഉപദേശത്തെയും കരുതിക്കൊള്ളുക; ഇവയിൽ തുടരുക; ഇതു ചെയ്യുന്നതിൽ നീ നിന്നെത്തന്നെയും നിന്നെ കേൾക്കുന്നവരെയും രക്ഷിക്കും.

Josh. 14:11 മോശെ എന്നെ അയച്ച നാളിലെപ്പോലെ ഇന്നും എനിക്കു ആരോഗ്യം ഉണ്ടു; പടവെട്ടുവാനും പോകയും വരികയും ചെയ്‌വാനും എന്റെ ആരോഗ്യം അന്നത്തെപ്പോലെതന്നെ ഇന്നും ഇരിക്കുന്നു.

Josh. 14:12 ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്കു തരിക; അനാക്യർ അവിടെ ഉണ്ടെന്നും പട്ടണങ്ങൾ വലിപ്പവും ഉറപ്പും ഉള്ളവ എന്നും നീ അന്നു കേട്ടിട്ടുണ്ടല്ലോ; യഹോവ എന്നോടുകൂടെ ഉണ്ടെങ്കിൽ താൻ അരുളിച്ചെയ്തതുപോലെ ഞാൻ അവരെ ഓടിച്ചുകളയും.

Josh. 14:13 അപ്പോൾ യോശുവ അവനെ അനുഗ്രഹിച്ചു; ഹെബ്രോൻമല യെഫുന്നെയുടെ മകനായ കാലേബിന്നു അവകാശമായി കൊടുത്തു.

Josh. 14:14 അങ്ങനെ ഹെബ്രോൻ ഇന്നുവരെ കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബിന്നു അവകാശമായിരിക്കുന്നു; അവൻ യിസ്രായേലിന്റെ ദൈവമായ യഹോവയെ പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു തന്നേ.

Josh. 14:15 ഹെബ്രോന്നു പണ്ടു കിർയ്യത്ത്-അർബ്ബാ എന്നു പേരായിരുന്നു; അർബ്ബാ എന്നവൻ അനാക്യരിൽവെച്ചു അതിമഹാൻ ആയിരുന്നു. അങ്ങനെ

യുദ്ധം തീർന്നു ദേശത്തിന്നു സ്വസ്ഥത വന്നു.

4. ദൈവത്തിന്റെ കാക്കുന്ന ശക്തി ഉണ്ടായിരിക്കണമെങ്കിൽ, അവന്റെ വാഗ്ദത്തങ്ങളിൽ പൂർണഹൃദയത്തോടെ വിശ്വസിക്കുന്നതിനും (2 കൊരി. 4:13; 3:16; 1:20), അവൻ തന്റെ ജനത്തോടുകൂടെ ഉണ്ടെന്ന് വിശ്വസിക്കുന്നതിനും, ജയിക്കുവാൻ അവർ വളരെ പ്രാപ്തരാണെന്ന് വിശ്വസിക്കുന്നതിനും (യോശു. 14:12-15; സംഖ്യ 13:30) നമ്മുടെ വിശ്വാസത്തിന്റെ ആത്മാവിനെ നാം വ്യായാമംചെയ്യുകയും കർത്താവിലേക്ക് നമ്മുടെ ഹൃദയം തിരിഞ്ഞിരിക്കുകയും വേണം; ഒരു നിക്ഷേപമെന്ന നിലയിൽ നമ്മുടെ ദേഹികളെ നാം വിശ്വസ്തനായ സ്രിഷ്ടാവായ ദൈവത്തിന് സമർപ്പിക്കുകയും (1 പത്രൊ. 4:19), നമ്മെത്തന്നെ അവന് കൈമാറുകയും, നമ്മുടെ ജീവന്റെ സൂക്ഷിപ്പ് അവന് ഭരമേൽപ്പിക്കുകയും വേണം (2 തിമൊ. 1:12).

2 Cor. 4:13 “ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു,” എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

2 Cor. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 Cor. 1:20 എന്തെന്നാൽ ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും, അവനിൽ ഉവ്വ് തന്നെ; അതുകൊണ്ട് ഞങ്ങൾ മുഖാന്തരം ദൈവത്തിന് മഹത്വം ഉണ്ടാകേണ്ടതിന്, അവൻ മുഖാന്തരം ദൈവത്തിന് ആമേൻ എന്നുതന്നെ.

Josh. 14:12 ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്കു തരിക; അനാക്യർ അവിടെ ഉണ്ടെന്നും പട്ടണങ്ങൾ വലിപ്പവും ഉറപ്പും ഉള്ളവ എന്നും നീ അന്നു കേട്ടിട്ടുണ്ടല്ലോ; യഹോവ എന്നോടുകൂടെ ഉണ്ടെങ്കിൽ താൻ അരുളിച്ചെയ്തതുപോലെ ഞാൻ അവരെ ഓടിച്ചുകളയും.

Josh. 14:13 അപ്പോൾ യോശുവ അവനെ അനുഗ്രഹിച്ചു; ഹെബ്രോൻമല യെഫുന്നെയുടെ മകനായ കാലേബിന്നു അവകാശമായി കൊടുത്തു.

Josh. 14:14 അങ്ങനെ ഹെബ്രോൻ ഇന്നുവരെ കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബിന്നു അവകാശമായിരിക്കുന്നു; അവൻ യിസ്രായേലിന്റെ ദൈവമായ യഹോവയെ പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു തന്നേ.

Josh. 14:15 ഹെബ്രോന്നു പണ്ടു കിർയ്യത്ത്-അർബ്ബാ എന്നു പേരായിരുന്നു; അർബ്ബാ എന്നവൻ അനാക്യരിൽവെച്ചു അതിമഹാൻ ആയിരുന്നു. അങ്ങനെ യുദ്ധം തീർന്നു ദേശത്തിന്നു സ്വസ്ഥത വന്നു.

Num. 13:30 എന്നാൽ കാലേബ് മോശെയുടെ മുമ്പാകെ ജനത്തെ അമർത്തി: നാം ചെന്നു അതു കൈവശമാക്കുക; അതു ജയിപ്പാൻ നമുക്കു കഴിയും എന്നു പറഞ്ഞു.

1 Pet. 4:19 അതിനാൽ ദൈവഹിതപ്രകാരം കഷ്ടമനുഭവിക്കുന്നവർ നന്മചെയ്യുന്നതിൽ തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിന് ഭരമേൽപ്പിക്കട്ടെ.

2 Tim. 1:12 ഇക്കാരണത്താൽ ഞാൻ ഈ കാര്യങ്ങൾ കഷ്ടം സഹിക്കുന്നു; എന്നാൽ ഞാൻ ലജ്ജിക്കുന്നില്ല, ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു, ആ നാളിനായി എന്റെ നിക്ഷേപം

കാക്കുവാൻ അവൻ കഴിവുള്ളവൻ എന്ന് എനിക്കു ബോധ്യമുണ്ട്.

5. നാം അവന്റെ വാഗ്ദത്തങ്ങളിൽ ആശ്രയിക്കുകയും, അവന് നമ്മെത്തന്നെ സമ്പൂർണമായി സമർപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, ഈ ദിവസം മുതൽ അവന്റെ മടങ്ങിവരവിന്റെ ദിവസംവരെ നമ്മെ അവൻ സൂക്ഷിക്കും; ഇടറിപ്പോകാതവണ്ണം നമ്മെ സൂക്ഷിക്കുവാനും, അവന്റെ തേജസ്സിനു മുമ്പാകെ കളങ്കമില്ലാതെ ഉല്ലാസത്തിൽ നിർത്തുവാനും അവൻ പ്രാപ്തനാണ്—യൂദാ 24.

Jude. 24 എന്നാൽ ഇടറിപ്പോകാതവണ്ണം നിങ്ങളെ സൂക്ഷിക്കുവാനും, അവന്റെ തേജസ്സിനു മുമ്പാകെ കളങ്കമില്ലാതെ, ഉല്ലാസത്തിൽ നിർത്തുവാനും കഴിയുന്നവന്,

6. നല്ലദേശമായ ക്രിസ്തുവിനെ പൂർണമായി കൈവശമാക്കുവാൻ നാം പോകുകയാണെങ്കിൽ, അവിശ്വാസത്തിന്റെ ദുഷ്ടഹൃദയം ഉണ്ടാകാതിരിക്കുവാൻ നാം സൂക്ഷിക്കണം; കർത്താവിൽ വിശ്വസിക്കാതിരിക്കുന്നത് അവനെതിരെ മത്സരിക്കുന്നതാണ്"—ആവ. 1:25-26, 28, 35-39; 9:23; എബ്രാ. 3:12, 16-19; 4:2, 6; 11:1; പ്ര.നി. 2 കൊരി. 4:13; ഗലാ. 3:2, 5; റോമ. 10:17; പ്രവൃ. 6:5; സംഖ്യ 13:25-33; 14:4-10; 32:11-12; യോശു. 14:6-12; 1 കൊരി. 10:1-13.

Deut. 1:25 ദേശത്തിലെ ഫലവും ചിലതു അവർ കൈവശമാക്കിക്കൊണ്ടു നമ്മുടെ അടുക്കൽ വന്നു വർത്തമാനമെല്ലാം അറിയിച്ചു; നമ്മുടെ ദൈവമായ യഹോവ നമുക്കു തരുന്ന ദേശം നല്ലതു എന്നു പറഞ്ഞു.

Deut. 1:26 എന്നാൽ കയറിപ്പോകുവാൻ നിങ്ങൾക്കു മനസ്സില്ലാതെ നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പന നിങ്ങൾ മറുത്തു:

Deut. 1:28 എവിടേക്കാകുന്നു നാം കയറിപ്പോകുന്നതു? ജനങ്ങൾ നമ്മെക്കാൾ വലിയവരും ദീർഘകായന്മാരും പട്ടണങ്ങൾ വലിയവയും ആകാശത്തോളം എത്തുന്ന മതിലുള്ളവയും ആകുന്നു; ഞങ്ങൾ അവിടെ അനാക്യരെയും കണ്ടു എന്നു പറഞ്ഞു നമ്മുടെ സഹോദരന്മാർ നമ്മുടെ ഹൃദയം ഉരുക്കിയിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ നിങ്ങളുടെ കൂടാരങ്ങളിൽവെച്ചു പിറുപിറുത്തു പറഞ്ഞു.

Deut. 1:35 ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുക്കുമെന്നു സത്യം ചെയ്തിട്ടുള്ള നല്ല ദേശം ഈ ദുഷ്ടതലമുറയിലെ പുരുഷന്മാർ ആരും കാണുകയില്ല.

Deut. 1:36 യെഫുന്നെയുടെ മകനായ കാലേബ് മാത്രം അതു കാണുകയും അവൻ യഹോവയെ പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു അവന്നും അവന്റെ പുത്രന്മാർക്കും അവൻ ചവിട്ടിയ ദേശം ഞാൻ കൊടുക്കയും ചെയ്യുമെന്നു സത്യം ചെയ്തു കല്പിച്ചു.

Deut. 1:37 യഹോവ നിങ്ങളുടെ നിമിത്തം എന്നോടും കോപിച്ചു കല്പിച്ചതു: നീയും അവിടെ ചെല്ലുകയില്ല.

Deut. 1:38 നിന്റെ ശുശ്രൂഷകനായ നൂന്റെ മകൻ യോശുവ അവിടെ ചെല്ലും; അവനെ ധൈര്യപ്പെടുത്തുക; അവനാകുന്നു യിസ്രായേലിന്നു അതു കൈവശമാക്കിക്കൊടുക്കേണ്ടതു.

Deut. 1:39 കൊള്ളയാകുമെന്നു നിങ്ങൾ പറഞ്ഞ നിങ്ങളുടെ കുഞ്ഞുകുട്ടികളും ഇന്നു ഗുണദോഷങ്ങളെ തിരിച്ചറിയാത്ത നിങ്ങളുടെ മക്കളും അവിടെ ചെല്ലും; അവർക്കു ഞാൻ അതു കൊടുക്കും; അവർ അതു കൈവശമാക്കും.

Deut. 9:23 നിങ്ങൾ ചെന്നു ഞാൻ നിങ്ങൾക്കു തന്നിട്ടുള്ള ദേശം

കൈവശമാക്കുവിൻ എന്നു കല്പിച്ചു യഹോവ നിങ്ങളെ കാദേശ്--ബർന്നേയയിൽനിന്നു അയച്ചപ്പോഴും നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനയോടു മറുത്തു; അവനെ വിശ്വസിച്ചില്ല; അവന്റെ വാക്കു അനുസരിച്ചതുമില്ല.

Heb. 3:12 സഹോദരന്മാരേ, ജീവനുള്ള ദൈവത്തിൽ നിന്ന് പിൻവാങ്ങുന്ന അവിശ്വാസത്തിന്റെ ദുഷ്ട ഹൃദയം ഒരുപക്ഷേ നിങ്ങളിൽ ആരിലും ഉണ്ടാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ.

Heb. 3:16 അവർ കേട്ടപ്പോൾ അവനെ പ്രകോപിപ്പിച്ചത് ആർ? മോശെയാൽ മിസ്രയീമിൽ നിന്ന് പുറത്തുവന്ന എല്ലാവരും അല്ലയോ?

Heb. 3:17 നാൽപതു വർഷക്കാലം ആരോടായിരുന്നു അവൻ നീരസപ്പെട്ടത്? പാപം ചെയ്ത്, തങ്ങളുടെ ശവങ്ങൾ മരുഭൂമിയിൽ വീണവരോടല്ലയോ?

Heb. 3:18 അനുസരണംകെട്ടവരോടല്ലാതെ ആരോടായിരുന്നു തന്റെ വിശ്രമത്തിലേക്ക് പ്രവേശിക്കുകയില്ല എന്ന് അവൻ ആണയിട്ടത്?

Heb. 3:19 അവിശ്വാസം നിമിത്തം അവർക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല എന്ന് നാം കാണുന്നു.

Heb. 4:2 തീർച്ചയായും അവരോട് എന്നപോലെ, നമ്മോടും സദ്വർത്തമാനം അറിയിച്ചിരിക്കുന്നു; എങ്കിലും കേട്ടവരിൽ വിശ്വാസത്തോടുകൂടെ കലരാതിരുന്നിട്ട്, കേട്ട വചനം അവർക്കു പ്രയോജനം ചെയ്തില്ല.

Heb. 4:6 അതുകൊണ്ട് ചിലർ അതിലേക്ക് പ്രവേശിക്കണം എന്നത് നിലനിൽക്കുകയും, മുമ്പ് സദ്വർത്തമാനം അറിയിക്കപ്പെട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശിക്കാതെയും ഇരുന്നതിനാൽ,

Heb. 11:1 വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണം, കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ആകുന്നു.

2 Cor. 4:13 “ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു,” എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

Gal. 3:2 ഇതു മാത്രം നിങ്ങളിൽനിന്ന് അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ നിങ്ങൾക്ക് ആത്മാവിനെ ലഭിച്ചത്?

Gal. 3:5 അതുകൊണ്ട് നിങ്ങൾക്ക് ആത്മാവിനെ ധാരാളമായി പ്രദാനം ചെയ്തുകൊണ്ട് നിങ്ങളുടെ ഇടയിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നവൻ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ അത് ചെയ്യുന്നത്?

Rom. 10:17 അതുകൊണ്ട് വിശ്വാസം കേൾവിയിൽ നിന്നും, കേൾവി ക്രിസ്തുവിന്റെ വചനത്തിലൂടെയും വരുന്നു.

Acts. 6:5 ഈ വാക്ക് സകല പുരുഷാരത്തെയും പ്രസാദിപ്പിച്ചു; അവർ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായ സ്തെഫാനൊസിനെയും, ഫിലിപ്പൊസിനെയും പ്രൊഖൊരൊസിനെയും നിക്കാനോരിനെയും തിമോനെയും പർമ്മെനാസിനെയും സ്വമതത്യാഗിയായ അന്ത്യോക്യക്കാരൻ നിക്കൊലാവൊസിനെയും

തിരഞ്ഞെടുത്തു.

Num. 13:25 അവർ നാല്പതു ദിവസംകൊണ്ടു ദേശം ഒറ്റുനോക്കിക്കഴിഞ്ഞു മടങ്ങിവന്നു.

Num. 13:26 അവർ യാത്രചെയ്തു പാറാൻമരുഭൂമിയിലെ കാദേശിൽ മോശെയുടെയും അഹരോന്റെയും യിസ്രായേൽമക്കളുടെ സർവ്വസഭയുടെയും അടുക്കൽവന്നു അവരോടും സർവ്വസഭയോടും വർത്തമാനം അറിയിച്ചു; ദേശത്തിലെ ഫലങ്ങളും അവരെ കാണിച്ചു.

Num. 13:27 അവർ അവനോടു വിവരിച്ചു പറഞ്ഞതെന്തെന്നാൽ: നീ ഞങ്ങളെ അയച്ച ദേശത്തേക്കു ഞങ്ങൾ പോയി; അതു പാലും തേനും ഒഴുകുന്ന ദേശം തന്നേ; അതിലെ ഫലങ്ങൾ ഇതാ.

Num. 13:28 എങ്കിലും ദേശത്തു പാർക്കുന്ന ജനങ്ങൾ ബലവാന്മാരും പട്ടണങ്ങൾ ഏറ്റവും ഉറപ്പും വലിപ്പവും ഉള്ളവയും ആകുന്നു. ഞങ്ങൾ അനാക്കിന്റെ പുത്രന്മാരെയും അവിടെ കണ്ടു.

Num. 13:29 അമാലേക്യർ തെക്കെ ദേശത്തു പാർക്കുന്നു; ഹിത്യരും യെബൂസ്യരും അമോർയ്യരും പർവ്വതങ്ങളിൽ പാർക്കുന്നു; കനാന്യർ കടൽക്കരയിലും യോർദ്ദാൻനദീതീരത്തും പാർക്കുന്നു.

Num. 13:30 എന്നാൽ കാലേബ് മോശെയുടെ മുമ്പാകെ ജനത്തെ അമർത്തി: നാം ചെന്നു അതു കൈവശമാക്കുക; അതു ജയിപ്പാൻ നമുക്കു കഴിയും എന്നു പറഞ്ഞു.

Num. 13:31 എങ്കിലും അവനോടുകൂടെ പോയിരുന്ന പുരുഷന്മാർ: ആ ജനത്തിന്റെ നേരെ ചെല്ലുവാൻ നമുക്കു കഴികയില്ല; അവർ നമ്മിലും ബലവാന്മാർ ആകുന്നു എന്നു പറഞ്ഞു.

Num. 13:32 തങ്ങൾ ഒറ്റുനോക്കിയ ദേശത്തെക്കുറിച്ചു അവർ യിസ്രായേൽമക്കളോടു ദുർവ്വർത്തമാനമായി പറഞ്ഞതെന്തെന്നാൽ: ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശം ആകുന്നു; ഞങ്ങൾ അവിടെ കണ്ട ജനം ഒക്കെയും അതികായന്മാർ;

Num. 13:33 അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തികളായ അനാക്യമല്ലന്മാരെയും കണ്ടു; ഞങ്ങൾക്കു തന്നേ ഞങ്ങൾ വെട്ടുക്കിളികളെപ്പോലെ തോന്നി; അവരുടെ കാഴ്ചെക്കും ഞങ്ങൾ അങ്ങനെ തന്നേ ആയിരുന്നു.

Num. 14:4 നാം ഒരു തലവനെ നിശ്ചയിച്ചു മിസ്രയീമിലേക്കു മടങ്ങിപ്പോക എന്നും അവർ തമ്മിൽ തമ്മിൽ പറഞ്ഞു.

Num. 14:5 അപ്പോൾ മോശെയും അഹരോനും യിസ്രായേൽസഭയുടെ സർവ്വസംഘത്തിന്റെയും മുമ്പാകെ കവിണ്ണുവീണു.

Num. 14:6 ദേശത്തെ ഒറ്റുനോക്കിയവരിൽ നൂന്റെ മകൻ യോശുവയും യെഫുന്നയുടെ മകൻ കാലേബും വസ്ത്രം കീറി,

Num. 14:7 യിസ്രായേൽമക്കളുടെ സർവ്വസഭയോടും പറഞ്ഞതു എന്തെന്നാൽ: ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം എത്രയും നല്ല ദേശം ആകുന്നു.

Num. 14:8 യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്കു കൊണ്ടുചെന്നു നമുക്കു അതു

തരും.

Num. 14:9 യഹോവയോടു നിങ്ങൾ മത്സരിക്കമാത്രം അരുതു; ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുതു; അവർ നമുക്കു ഇരയാകുന്നു; അവരുടെ ശരണം പോയ്പോയിരിക്കുന്നു; നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ടു അവരെ ഭയപ്പെടരുതു.

Num. 14:10 എന്നാറെ അവരെ കല്ലെറിയേണം എന്നു സഭയെല്ലാം പറഞ്ഞു. അപ്പോൾ യഹോവയുടെ തേജസ്സു സമാഗമനകൂടാരത്തിൽ എല്ലായിസ്രായേൽമക്കളും കാൺകെ പ്രത്യക്ഷമായി.

Num. 32:11 കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും യഹോവയോടു പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു

Num. 32:12 അവരല്ലാതെ മിസ്രയീമിൽനിന്നു പോന്നവരിൽ ഇരുപതു വയസ്സുമുതൽ മേലോട്ടുള്ള ഒരുത്തനും ഞാൻ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും സത്യം ചെയ്ത ദേശത്തെ കാണുകയില്ല; അവർ എന്നോടു പൂർണ്ണമായി പറ്റി നിൽക്കായ്കകൊണ്ടു തന്നേ.

Josh. 14:6 അനന്തരം യെഹൂദാമക്കൾ ഗില്ഗാലിൽ യോശുവയുടെ അടുക്കൽ വന്നു; കെനിസ്യനായ യെഫുന്നെയുടെ മകൻ കാലേബ് അവനോടു പറഞ്ഞതു: യഹോവ എന്നെയും നിന്നെയും കുറിച്ചു ദൈവപുരുഷനായ മോശെയോടു കാദേശ് ബർന്നേയയിൽവെച്ചു പറഞ്ഞ കാര്യം നീ അറിയുന്നുവല്ലോ.

Josh. 14:7 യഹോവയുടെ ദാസനായ മോശെ കാദേശ്ബർന്നേയയിൽനിന്നു ദേശത്തെ ഒറ്റുനോക്കുവാൻ എന്നെ അയച്ചപ്പോൾ എനിക്കു നാല്പതു വയസ്സായിരുന്നു; ഞാൻ വന്നു എന്റെ മനോബോധപ്രകാരം അവനോടു മറുപടി പറഞ്ഞു.

Josh. 14:8 എന്നോടുകൂടെ പോന്നിരുന്ന സഹോദരന്മാർ ജനത്തിന്റെ ഹൃദയം ഉരുകുമാറാക്കി; ഞാനോ എന്റെ ദൈവമായ യഹോവയോടു പൂർണ്ണമായി പറ്റിനിന്നു.

Josh. 14:9 നീ എന്റെ ദൈവമായ യഹോവയോടു പൂർണ്ണമായി പറ്റിനിന്നതുകൊണ്ടു നീ കാൽവെച്ച ദേശം നിനക്കും നിന്റെ മക്കൾക്കും എന്നേക്കും അവകാശമായിരിക്കും എന്നു മോശെ അന്നു സത്യംചെയ്തു പറഞ്ഞു.

Josh. 14:10 മരുഭൂമിയിൽ സഞ്ചരിച്ച കാലത്തു യഹോവ മോശെയോടു ഈ വാക്കു കല്പിച്ചതു മുതൽ ഈ നാല്പത്തഞ്ചു സംവത്സരത്തോളവും എന്നെ ഇതാ, താൻ അരുളിച്ചെയ്തിരുന്നതു പോലെ ജീവനോടെ വെച്ചിരിക്കുന്നു; ഇപ്പോൾ എനിക്കു എണ്പത്തഞ്ചു വയസ്സായി.

Josh. 14:11 മോശെ എന്നെ അയച്ച നാളിലെപ്പോലെ ഇന്നും എനിക്കു ആരോഗ്യം ഉണ്ടു; പടവെട്ടുവാനും പോകയും വരികയും ചെയ്‌വാനും എന്റെ ആരോഗ്യം അന്നത്തെപ്പോലെതന്നെ ഇന്നും ഇരിക്കുന്നു.

Josh. 14:12 ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്കു തരിക; അനാക്യർ അവിടെ ഉണ്ടെന്നും പട്ടണങ്ങൾ വലിപ്പവും ഉറപ്പും ഉള്ളവ എന്നും നീ അന്നു കേട്ടിട്ടുണ്ടല്ലോ; യഹോവ എന്നോടുകൂടെ ഉണ്ടെങ്കിൽ

താൻ അരുളിച്ചെയ്തതുപോലെ ഞാൻ അവരെ ഓടിച്ചുകളയും.

1 Cor. 10:1 എന്തെന്നാൽ സഹോദരന്മാരേ, നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല, നമ്മുടെ പിതാക്കന്മാർ എല്ലാം മേഘത്തിൻ കീഴിലായിരുന്നു, എല്ലാവരും സമുദ്രത്തിലൂടെ കടന്നുപോകുകയും ചെയ്തു;

1 Cor. 10:2 എല്ലാവരും മേഘത്തിലും സമുദ്രത്തിലും മോശെയിങ്കലേക്ക് സ്നാനപ്പെട്ടു;

1 Cor. 10:3 എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു,

1 Cor. 10:4 എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു.

1 Cor. 10:5 എന്നാൽ അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ ചിതറിച്ചുകളഞ്ഞു.

1 Cor. 10:6 അവർ മോഹിച്ചതു പോലെ, നാം ദുർമോഹികൾ ആകാതിരിക്കേണ്ടതിന്, ഇവയൊക്കെയും നമുക്ക് ദൃഷ്ടാന്തങ്ങളായി സംഭവിച്ചു.

1 Cor. 10:7 "ജനം ഭക്ഷിക്കുവാനും പാനം ചെയ്യുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം, അവരിൽ ചിലർ ചെയ്തതുപോലെ വിഗ്രഹാരാധികൾ ആയിത്തീരരുത്.

1 Cor. 10:8 അവരിൽ ചിലർ പരസംഗം ചെയ്ത്, ഒരു ദിവസം ഇരുപത്തിമൂവായിരം പേർ വീണതുപോലെ, നാം പരസംഗം ചെയ്യരുത്.

1 Cor. 10:9 അവരിൽ ചിലർ അവനെ പരീക്ഷിച്ചിട്ട് സർപ്പങ്ങളാൽ നശിച്ചതുപോലെ, നാം ക്രിസ്തുവിനെ പരീക്ഷിക്കരുത്.

1 Cor. 10:10 അവരിൽ ചിലർ പിറുപിറുത്ത് സംഹാരകനാൽ നശിച്ചതുപോലെ, പിറുപിറുക്കരുത്.

1 Cor. 10:11 ഈ കാര്യങ്ങൾ അവർക്ക് ദൃഷ്ടാന്തമായി സംഭവിച്ചു, യുഗങ്ങളുടെ അവസാനം എത്തിച്ചേർന്നിരിക്കുന്ന നമ്മുടെ ഗുണദോഷത്തിനായി ഇവ എഴുതിയിരിക്കുന്നു.

1 Cor. 10:12 അതിനാൽ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളട്ടെ.

1 Cor. 10:13 മനുഷ്യനു പൊതുവായിട്ടുള്ളതല്ലാതെ ഒരു പരീക്ഷയും നിങ്ങൾ നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിനപ്പുറം പരീക്ഷിക്കപ്പെടുവാൻ അനുവദിക്കാതെ പരീക്ഷയോടൊപ്പം അതിനെ സഹിക്കുവാൻ കഴിയേണ്ടതിനു പുറത്തേക്കുള്ള വഴിയും ഉണ്ടാക്കും.

7. നല്ലദേശമായ ക്രിസ്തുവിനെ പൂർണമായി കൈവശമാക്കുവാൻ നാം പോകുകയാണെങ്കിൽ, പിറുപിറുപ്പുകളെ (അസംതൃപ്തവും രഹസ്യവുമായ മുറുമുറുക്കലുകളെയും, അതൃപ്തി പ്രകടനങ്ങളെയും, പരാതികളെയും) നാം സൂക്ഷിക്കണം; അതൃപ്തിയോടെയും മ്ലാനമായ നീരസത്തോടെയും, അസ്പഷ്ടവും താഴ്ന്ന സ്വരത്തിലും കുശുകുശുക്കുന്ന പരാതി പറച്ചിലാണ് പിറുപിറുപ്പുകൾ—വാ. 10; സങ്കീ. 106:24-25; ഫിലി. 2:14.

1 Cor. 10:10 അവരിൽ ചിലർ പിറുപിറുത്ത് സംഹാരകനാൽ നശിച്ചതുപോലെ, പിറുപിറുക്കരുത്.

Psa. 106:24 അവർ മനോഹരദേശത്തെ നിരസിച്ചു; അവന്റെ വചനത്തെ വിശ്വസിച്ചതുമില്ല.

Psa. 106:25 അവർ തങ്ങളുടെ കൂടാരങ്ങളിൽവെച്ചു പിറുപിറുത്തു; യഹോവയുടെ വചനം കേൾക്കാതെയിരുന്നു.

Phil. 2:14 വക്രവും വികടവുമായ തലമുറയുടെ മദ്ധ്യേ നിങ്ങൾ കുറ്റമില്ലാത്തവരും കളങ്കമില്ലാത്തവരുമായി, നിഷ്കളങ്കരായ ദൈവമക്കൾ ആകേണ്ടതിന്, സകലവും പിറുപിറുപ്പുകളും വാദങ്ങളും കൂടാതെ ചെയ്യുവിൻ.

**II. നല്ലദേശമായ ക്രിസ്തുവിനെ പൂർണമായി കൈവശമാക്കുവാൻ നാം പോകുകയാണെങ്കിൽ, നാം "വിഗ്രഹാരാധനയിൽനിന്ന് ഓടിപ്പോകുവിൻ" എന്ന് പൊന്നുകൊണ്ടുള്ള കാളക്കുട്ടിയെ ആരാധിക്കുന്നതിൽ യിസ്രായേൽമക്കളുടെ വിഗ്രഹാരാധനയെ പരാമർശിച്ചുകൊണ്ട് (പുറ. 32:1-6), അപ്പൊസ്തലനായ പൗലൊസ് പറയുന്നു (1 കൊരി. 10:14):**

Exo. 32:1 എന്നാൽ മോശെ പർവ്വതത്തിൽനിന്നു ഇറങ്ങിവരുവാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ ജനം അഹരോന്റെ അടുക്കൽ വന്നുകൂടി അവനോടു: നീ എഴുന്നേറ്റു ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കി തരിക; ഞങ്ങളെ മിസ്രയീംദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു.

Exo. 32:2 അഹരോൻ അവരോടു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ചു എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു.

Exo. 32:3 ജനം ഒക്കെയും തങ്ങളുടെ കാതിൽനിന്നു പൊൻകുണുക്കു പറിച്ചു അഹരോന്റെ അടുക്കൽ കൊണ്ടുവന്നു.

Exo. 32:4 അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു.

Exo. 32:5 അഹരോൻ അതു കണ്ടാറെ അതിന്നു മുമ്പാകെ ഒരു യാഗപീഠം പണിതു: നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു.

Exo. 32:6 പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു.

A. പൊന്നുകൊണ്ടുള്ള കാളക്കുട്ടി ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്താൽ ഉണ്ടാക്കപ്പെട്ട ഒരു വിഗ്രഹമായിരുന്നു; കളിക്കുവാൻ എഴുന്നേറ്റു നിൽക്കുന്നത് വെറിക്കൂത്തിൽ (അഥവാ ശബ്ദമുഖരിതമായ ആഘോഷത്തിൽ) ആസക്തരാകുന്നതാണ്; കർത്താവിനെക്കാളധികം നമ്മുടെ ഉള്ളിൽ സ്നേഹിക്കുകയും നമ്മുടെ ഉള്ളിൽ കർത്താവിന് പകരമായിരിക്കുകയും ചെയ്യുന്ന എന്തും നമ്മുടെ ഹൃദയത്തിലുള്ള ഒരു വിഗ്രഹമാണ് (യെഹെ. 14:3); നിർവ്യാജനായ ദൈവത്തിന്റെ നിർവ്യാജരായ മക്കളെന്ന നിലയിൽ നാം വിഗ്രഹങ്ങളിൽനിന്നും (1 യോഹ. 5:21), നമ്മുടെ ജീവിതത്തിലുള്ള ക്രിസ്തുവിന്റെ എല്ലാ പകരക്കാരിൽനിന്നും പകരംവയ്ക്കലുകളിലുംനിന്നും നമ്മെത്തന്നെ കാക്കുവാൻ ജാഗ്രത ഉള്ളവരായിരിക്കണം.

Ezek. 14:3 മനുഷ്യപുത്രാ, ഈ പുരുഷന്മാർ തങ്ങളുടെ വിഗ്രഹങ്ങളെ ഹൃദയത്തിൽ സ്മരിച്ചു തങ്ങളുടെ അകൃത്യഹേതു തങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു;

അവർ ചോദിച്ചാൽ ഞാൻ ഉത്തരമരുളുമോ?

1 John. 5:21 കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന് നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊള്ളുവിൻ.

B. തങ്ങളെ ഒരു വിഗ്രഹാരാധന പാളയമാക്കിത്തീർക്കുവാൻത്തക്കവണ്ണം ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനം ഉണ്ടാക്കിയ വിഗ്രഹമായ, സ്വർണ കാളക്കുട്ടിയുടെ വിഗ്രഹത്തിന്റെ തത്ത്വത്താൽ നാം താക്കീത് ലഭിച്ചവരായിരിക്കണം; വിഗ്രഹാരാധനയിൽ അഞ്ച് തത്ത്വങ്ങൾ ഉൾപ്പെടുന്നു—1 കൊരി. 10:5-7:

1 Cor. 10:5 എന്നാൽ അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ ചിതറിച്ചുകളഞ്ഞു.

1 Cor. 10:6 അവർ മോഹിച്ചതു പോലെ, നാം ദുർമോഹികൾ ആകാതിരിക്കേണ്ടതിന്, ഇവയൊക്കെയും നമുക്ക് ദൃഷ്ടാന്തങ്ങളായി സംഭവിച്ചു.

1 Cor. 10:7 “ജനം ഭക്ഷിക്കുവാനും പാനം ചെയ്യുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു,” എന്ന് എഴുതിയിരിക്കുന്നതുപ്രകാരം, അവരിൽ ചിലർ ചെയ്തതുപോലെ വിഗ്രഹാരാധികൾ ആയിത്തീരരുത്.

1. സ്വയം-സൗന്ദര്യവൽക്കരണം വിഗ്രഹാരാധനയിലേക്ക് നയിക്കുന്നു (പുറ. 32:1-4; 33:5-6; ഉല്പ. 35:1-4); ദൈവമാണ് നമ്മുടെ സൗന്ദര്യം, അവൻ സൗന്ദര്യവൽക്കരിക്കപ്പെടുവാൻ തക്കവണ്ണം അവന്റെ സൗന്ദര്യത്തിന്റെ ഭവനമെന്ന നിലയിൽ സഭയെ അവൻ സൗന്ദര്യവൽക്കരിക്കുന്നു (യെശ. 60:7, 19, 21; എഫെ. 5:26-27); നമ്മുടെ സ്വയത്തിന്റെ ആവിഷ്കാരത്തിൽ ഭിന്നതയുണ്ട്, എന്നാൽ ദിവ്യ തേജസ്സായ ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിൽ ഒരുമയുണ്ട് (യോഹ. 17:22-24); നമ്മുടെ വേല ഭൂമിയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും ആവിഷ്കരിക്കുവാനുമുള്ള നമ്മുടെ ജീവിതമാണ് (വാ. 4; 1 കൊരി. 10:31; യെശ. 43:7), നമ്മുടെ സംസാരത്തിൽ നമ്മെത്തന്നെ പ്രസംഗിച്ചുകൊണ്ട് നമ്മുടെ സ്വന്തം മഹത്വം അന്വേഷിക്കാതെ, ക്രിസ്തു യേശുവിനെ കർത്താവായും നമ്മെ വിശ്വാസികളെ സേവിക്കുന്ന അടിമകളായും നാം പ്രസംഗിക്കണം (യോഹ. 7:17; 2 കൊരി. 4:5).

Exo. 32:1 എന്നാൽ മോശെ പർവ്വതത്തിൽനിന്നു ഇറങ്ങിവരുവാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ ജനം അഹരോന്റെ അടുക്കൽ വന്നുകൂടി അവനോടു: നീ എഴുന്നേറ്റു ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കി തരിക; ഞങ്ങളെ മിസ്രയീംദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു.

Exo. 32:2 അഹരോൻ അവരോടു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ചു എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു.

Exo. 32:3 ജനം ഒക്കെയും തങ്ങളുടെ കാതിൽനിന്നു പൊൻകുണുക്കു പറിച്ചു അഹരോന്റെ അടുക്കൽ കൊണ്ടുവന്നു.

Exo. 32:4 അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു.

Exo. 33:5 നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചുകളയും; അതുകൊണ്ടു ഞാൻ

നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽമക്കളോടു പറക എന്നു യഹോവ മോശെയോടു കല്പിച്ചിരുന്നു.

Exo. 33:6 അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല.

Gen. 35:1 അനന്തരം ദൈവം യാക്കോബിനോടു: നീ പുറപ്പെട്ടു ബേഥേലിൽ ചെന്നു പാർക്ക; നിന്റെ സഹോദരനായ ഏശാവിന്റെ മുമ്പിൽനിന്നു നീ ഓടിപ്പോകുമ്പോൾ നിനക്കു പ്രത്യക്ഷനായ ദൈവത്തിന്നു അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്നു കല്പിച്ചു.

Gen. 35:2 അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും കൂടെയുള്ള എല്ലാവരോടും: നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞു നിങ്ങളെ ശുദ്ധീകരിച്ചു വസ്ത്രം മാറുവിൻ.

Gen. 35:3 നാം പുറപ്പെട്ടു ബേഥേലിലേക്കു പോക; എന്റെ കഷ്ടകാലത്തു എന്റെ പ്രാർത്ഥന കേൾക്കയും ഞാൻ പോയ വഴിയിൽ എന്നോടുകൂടെയിരിക്കയും ചെയ്ത ദൈവത്തിന്നു ഞാൻ അവിടെ ഒരു യാഗപീഠം ഉണ്ടാക്കും എന്നു പറഞ്ഞു.

Gen. 35:4 അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു.

Isa. 60:7 കേദാരിലെ ആടുകൾ ഒക്കെയും നിന്റെ അടുക്കൽ ഒന്നിച്ചുകൂടും; നെബായോത്തിലെ മുട്ടാടുകൾ നിനക്കു ശുശ്രൂഷചെയ്യും; അവ പ്രസാദമുള്ള യാഗമായി എന്റെ പീഠത്തിന്മേൽ വരും; അങ്ങനെ ഞാൻ എന്റെ മഹത്വമുള്ള ആലയത്തെ മഹത്വപ്പെടുത്തും

Isa. 60:19 ഇനി പകൽനേരത്തു നിന്റെ വെളിച്ചം സൂര്യനല്ല; നിനക്കു നിലാവെട്ടം തരുന്നതു ചന്ദ്രനുമല്ല; യഹോവ നിനക്കു നിത്യപ്രകാശവും നിന്റെ ദൈവം നിന്റെ തേജസ്സും ആകുന്നു.

Isa. 60:21 നിന്റെ ജനമൊക്കെയും നീതിമാന്മാരാകും; ഞാൻ മഹത്വപ്പെടേണ്ടതിന്നു എന്റെ നടുതലയുടെ മുളയും എന്റെ കൈകളുടെ പ്രവൃത്തിയും ആയിട്ടു അവർ ദേശത്തെ സദാകാലത്തേക്കു കൈവശമാക്കും.

Eph. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

Eph. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

John. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

John. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ

ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

John. 17:24 ലോകസ്ഥാപനത്തിനു മുമ്പേ നീ എന്നെ സ്നേഹിച്ചതുകൊണ്ട്, പിതാവേ, നീ എനിക്കു നൽകിയിരിക്കുന്ന എന്റെ തേജസ്സ് അവർ കാണേണ്ടതിന്, നീ എനിക്കു നൽകിയവരെക്കുറിച്ച്, ഞാൻ ആയിരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ആയിരിക്കേണ്ടതിനു ഞാൻ വാഞ്ഛിക്കുന്നു.

John. 17:4 നീ എനിക്കു ചെയ്യുവാൻ നൽകിയിരിക്കുന്ന വേല പൂർത്തിയാക്കിക്കൊണ്ട്, ഭൂമിയിൽ ഞാൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു.

1 Cor. 10:31 അതുകൊണ്ട് നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും, മറ്റെന്തു ചെയ്താലും, സകലവും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ.

Isa. 43:7 എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും.

John. 7:17 അവന്റെ ഹിതം ചെയ്യുവാൻ ആരെങ്കിലും നിശ്ചയിക്കുന്നുവെങ്കിൽ, ഉപദേശത്തെ സംബന്ധിച്ച്, അതു ദൈവത്തിൽ നിന്നുള്ളതോ, അതോ ഞാൻ എന്നിൽ നിന്നുതന്നെ സംസാരിക്കുന്നതോ എന്ന് അറിയും.

2 Cor. 4:5 എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.

2. ദൈവം നമുക്ക് നൽകിയതിനെ പാഴാക്കുന്നതിനായുള്ള സാത്താന്റെ അപഹരണമാണ് വിഗ്രഹാരാധന; അത് ദൈവം നമുക്ക് നൽകിയതിനെ നാം ദുരുപയോഗം ചെയ്യുന്നതും, ദൈവോദ്ദേശ്യത്തിനുവേണ്ടി ഭൗതികവും ആത്മികവുമായ ദൈവത്തിന്റെ ദാനങ്ങളെ ഉപയോഗിക്കാതിരിക്കുന്നതുമാണ്; മിസ്രയീമിൽനിന്നുള്ള അവരുടെ പുറപ്പാടിനുമുമ്പ് മിസ്രയീമ്യരിലൂടെ യിസ്രായേൽമക്കൾക്ക് ദൈവം നൽകിയ സ്വർണം കൂടാരം പണിയുവാൻ ഉപയോഗിക്കുന്നതിന് വേണ്ടിയായിരുന്നു; എന്നാൽ, ദൈവത്തിന്റെ ഉദ്ദേശ്യത്തിനുവേണ്ടി സ്വർണം ഉപയോഗിക്കുവാൻ കഴിയുന്നതിനുമുമ്പ്, സാത്താനാൽ അത് അപഹരിക്കപ്പെടുകയും, ഒരു വിഗ്രഹം ഉണ്ടാക്കുവാൻ ദൈവത്തിന്റെ ജനം അതിനെ ഉപയോഗിക്കുകയും ചെയ്തു—പുറ. 11:2-3; 12:35-36; 25:2-8; 35:4-9.

Exo. 11:2 ഓരോ പുരുഷൻ താന്താന്റെ അയൽക്കാരനോടും ഓരോ സ്ത്രീ താന്താന്റെ അയൽക്കാരത്തിയോടും വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും ചോദിപ്പാൻ നീ ജനത്തോടു പറക എന്നു കല്പിച്ചു.

Exo. 11:3 യഹോവ മിസ്രയീമ്യർക്കു ജനത്തോടു കൃപ തോന്നുമാറാക്കി. വിശേഷാൽ മോശെ എന്ന പുരുഷനെ മിസ്രയീംദേശത്തു ഫറവോന്റെ ഭൃത്യന്മാരും പ്രജകളും മഹാശ്രേഷ്ഠനായി വിചാരിച്ചു.

Exo. 12:35 യിസ്രായേൽമക്കൾ മോശെയുടെ വചനം അനുസരിച്ചു മിസ്രയീമ്യരോടു വെള്ളിയാഭരണങ്ങളും പൊന്നാഭരണങ്ങളും വസ്ത്രങ്ങളും ചോദിച്ചു.

Exo. 12:36 യഹോവ മിസ്രയീമ്യർക്കു ജനത്തോടു കൃപ തോന്നിച്ചതുകൊണ്ടു അവർ ചോദിച്ചതൊക്കെയും അവർ അവർക്കു കൊടുത്തു; അങ്ങനെ അവർ മിസ്രയീമ്യരെ കൊള്ളയിട്ടു.

Exo. 25:2 എനിക്കു വഴിപാടു കൊണ്ടുവരുവാൻ യിസ്രായേൽമക്കളോടു പറക; നല്ല മനസ്സോടെ തരുന്ന ഏവനോടും നിങ്ങൾ എനിക്കുവേണ്ടി വഴിപാടു വാങ്ങേണം.

Exo. 25:3 അവരോടു വാങ്ങേണ്ടുന്ന വഴിപാടോ: പൊന്നു, വെള്ളി, താമ്രം; നീലനൂൽ, ധൂമ്രനൂൽ,

Exo. 25:4 ചുവപ്പുനൂൽ, പഞ്ഞിനൂൽ, കോലാട്ടുരോമം,

Exo. 25:5 ചുവപ്പിച്ച ആട്ടുകൊറ്റന്തോൽ, തഹശൂതോൽ, ഖദിരമരം;

Exo. 25:6 വിളക്കിന്നു എണ്ണ, അഭിഷേക തൈലത്തിന്നും പരിമളധൂപത്തിന്നും സുഗന്ധവർഗ്ഗം,

Exo. 25:7 ഏഫോദിന്നും മാർപദക്കത്തിന്നും പതിപ്പാൻ ഗോമേദകക്കല്ലു, രത്നങ്ങൾ എന്നിവ തന്നേ.

Exo. 25:8 ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധമന്ദിരം ഉണ്ടാക്കേണം.

Exo. 35:4 മോശെ പിന്നെയും യിസ്രായേൽമക്കളുടെ സർവ്വസഭയോടും പറഞ്ഞതു: യഹോവ കല്പിച്ചതു എന്തെന്നാൽ:

Exo. 35:5 നിങ്ങളുടെ ഇടയിൽനിന്നു യഹോവെക്കു ഒരു വഴിപാടു എടുപ്പിൻ. നല്ല മനസ്സുള്ളവനെല്ലാം യഹോവെക്കു വഴിപാടു കൊണ്ടുവരേണം.

Exo. 35:6 പൊന്നു, വെള്ളി, താമ്രം, നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ, പഞ്ഞിനൂൽ, കോലാട്ടുരോമം,

Exo. 35:7 ചുവപ്പിച്ച ആട്ടുകൊറ്റന്തോൽ തഹശൂതോൽ, ഖദിരമരം,

Exo. 35:8 വിളക്കിന്നു എണ്ണ, അഭിഷേകതൈലത്തിന്നും പരിമളധൂപത്തിന്നും സുഗന്ധവർഗ്ഗം,

Exo. 35:9 ഗോമേദകക്കല്ലു, ഏഫോദിന്നും പതക്കത്തിന്നും പതിക്കേണ്ടുന്ന കല്ലു എന്നിവ തന്നേ.

3. വിഗ്രഹാരാധന നാം ആസ്വദിക്കുന്ന വസ്തുക്കളുടെ ആരാധന, ഉല്ലാസത്തിന്റെയും വിനോദത്തിന്റെയും ആരാധന ആണ്; അതെ, നമുക്ക് കർത്താവിന്റെ ആസ്വാദനമുണ്ട്, എന്നാൽ അത് ഒരുതരത്തിലുള്ള ലൗകിക ഉല്ലാസവും വിനോദവും അല്ല—32:6, 18-19; പ്ര.നി. സങ്കീ. 36:8-9:

Exo. 32:6 പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു.

Exo. 32:18 അതിന്നു അവൻ: ജയിച്ചു ആർക്കുന്നവരുടെ ഘോഷമല്ല, തോറ്റു നിലവിളിക്കുന്നവരുടെ നിലവിളിയുമല്ല, പ്രതിഗാനം ചെയ്യുന്നവരുടെ ഘോഷമത്രേ ഞാൻ കേൾക്കുന്നതു എന്നു പറഞ്ഞു.

Exo. 32:19 അവൻ പാളയത്തിന്നു സമീപിച്ചപ്പോൾ കാളക്കുട്ടിയെയും നൃത്തങ്ങളെയും കണ്ടു അപ്പോൾ മോശെയുടെ കോപം ജ്വലിച്ചു അവൻ പലകകളെ കയ്യിൽനിന്നു എറിഞ്ഞു പർവ്വതത്തിന്റെ അടിവാരത്തുവെച്ചു പൊട്ടിച്ചുകളഞ്ഞു.

Psa. 36:8 നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു.

Psa. 36:9 നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ

പ്രകാശം കാണുന്നു.

a. പൗലൊസ് കൊരിന്ത്യർക്ക് ഈ വിധത്തിൽ മുന്നറിയിപ്പ് നൽകുന്നു: "ജനം ഭക്ഷിക്കുവാനും പാനം ചെയ്യുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു എന്ന് എഴുതിയിരിക്കുന്നതുപ്രകാരം, അവരിൽ ചിലർ ചെയ്തതുപോലെ വിഗ്രഹാരാധികൾ ആയിത്തീരരുത്" (1 കൊരി. 10:7; പുറ. 32:6); അവർ കളിച്ചുവെന്ന് C. A. കോട്സ് പറയുന്നു; വാരാന്ത്യങ്ങളിൽ അനേകം ആളുകൾ ഭക്ഷിക്കുന്നതിനും, പാനം ചെയ്യുന്നതിനും, കളിക്കുന്നതിനുംവേണ്ടി മാത്രം കരുതുന്നു.

Exo. 32:6 പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു.

b. *കളിക്കുക* എന്നാൽ ഉല്ലസിക്കുകയോ, തമാശ പറയുകയോ, ഗൗരവമില്ലാതെ പെരുമാറുകയോ, പ്രവർത്തിക്കുകയോ, സംസാരിക്കുകയോ ചെയ്യുന്നതാണ്; *കളിക്കുക* എന്നാൽ തമാശയോടെയും നിയന്ത്രണം കൂടാതെയും പെരുമാറുക എന്നാണ്; അത് ആഹ്ലാദത്തിൽ, അതായത്, ഉന്നതാവേശമുള്ള തമാശയിൽ മുഴുകുന്നതാണ്.

4. വിഗ്രഹാരാധനയോടുകൂടെ സത്യദൈവത്തെ ആരാധിക്കുക എന്ന നാട്യം ഉണ്ട്—വാ. 4-6; 1 രാജാ. 12:26-30; പ്ര.നി. മത്താ. 4:8-11; യോഹ. 4:23-24.

Exo. 32:4 അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു.

Exo. 32:5 അഹരോൻ അതു കണ്ടാറെ അതിന്നു മുമ്പാകെ ഒരു യാഗപീഠം പണിതു: നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു.

Exo. 32:6 പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു.

1 Kings. 12:26 എന്നാൽ യൊരോബെയാം തന്റെ മനസ്സിൽ: രാജത്വം വീണ്ടും ദാവീദുഗൃഹത്തിന്നു ആയിപ്പോകും;

1 Kings. 12:27 ഈ ജനം യെരൂശലേമിൽ യഹോവയുടെ ആലയത്തിൽ യാഗം കഴിപ്പാൻ ചെന്നാൽ ഈ ജനത്തിന്റെ ഹൃദയം യെഹൂദാരാജാവായ രെഹബെയാം എന്ന തങ്ങളുടെ യജമാനങ്കലേക്കു തിരികയും അവർ എന്നെ കൊന്നു യെഹൂദാരാജാവായ രെഹബെയാമിന്റെ പക്ഷം ചേരുകയും ചെയ്യും എന്നു പറഞ്ഞു.

1 Kings. 12:28 ആകയാൽ രാജാവു ആലോചിച്ചു പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി; നിങ്ങൾ യെരൂശലേമിൽ പോയതു മതി; യിസ്രായേലേ, ഇതാ നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം എന്നു അവരോടു പറഞ്ഞു.

1 Kings. 12:29 അവൻ ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു.

1 Kings. 12:30 ഈ കാര്യം പാപഹേതുവായിത്തീർന്നു; ജനം ഒന്നിന്റെ മുമ്പിൽ നമസ്കരിപ്പാൻ ദാൻവരെ ചെന്നു.

Matt. 4:8 വീണ്ടും, പിശാച് അവനെ വളരെ ഉയർന്നോരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ

മഹത്വത്തെയും അവനു കാണിച്ചുകൊടുത്തു.

Matt. 4:9 അവൻ അവനോട്, നീ വീണ് എന്നെ ആരാധിച്ചാൽ ഇവയെല്ലാം ഞാൻ നിനക്കു നൽകാം എന്നു പറഞ്ഞു.

Matt. 4:10 അപ്പോൾ യേശു അവനോട്, കടന്നുപോ സാത്താനേ! എന്തെന്നാൽ "നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കുകയും അവനെ മാത്രം നീ സേവിക്കുകയും ചെയ്യും" എന്ന് എഴുതിയിരിക്കുന്നു എന്നു പറഞ്ഞു.

Matt. 4:11 അപ്പോൾ പിശാച് അവനെ വിട്ടുപോയി, ഇതാ, ദൂതന്മാർ വന്ന് അവനെ ശുശ്രൂഷിച്ചു.

John. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

John. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

5. വിഗ്രഹാരാധനയോടുകൂടെ ആരാധനയിൽ കലർപ്പുണ്ട്—പുറ. 32:4-6, 21-24; പ്ര.നി. 1 കൊരി. 3:12.

Exo. 32:4 അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു.

Exo. 32:5 അഹരോൻ അതു കണ്ടാറെ അതിന്നു മുമ്പാകെ ഒരു യാഗപീഠം പണിതു: നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു.

Exo. 32:6 പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു.

Exo. 32:21 മോശെ അഹരോനോടു: ഈ ജനത്തിന്മേൽ ഇത്രവലിയ പാപം വരുത്തുവാൻ അവർ നിന്നോടു എന്തു ചെയ്തു എന്നു ചോദിച്ചു.

Exo. 32:22 അതിന്നു അഹരോൻ പറഞ്ഞതു: യജമാനന്റെ കോപം ജ്വലിക്കരുതേ; ഈ ജനം ദോഷത്തിലേക്കു ചാഞ്ഞിരിക്കുന്നതെന്നു നീ അറിയുന്നുവല്ലോ.

Exo. 32:23 ഞങ്ങൾക്കു മുമ്പായി നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കി തരേണം; ഞങ്ങളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു അവർ എന്നോടു പറഞ്ഞു.

Exo. 32:24 ഞാൻ അവരോടു: പൊന്നുള്ളവർ അതു പറിച്ചെടുക്കട്ടെ എന്നു പറഞ്ഞു. അവർ അതു എന്റെ പക്കൽ തന്നു; ഞാൻ അതു തീയിൽ ഇട്ടു ഈ കാളക്കുട്ടി പുറത്തു വന്നു.

1 Cor. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

C. യിസ്രായേൽമക്കൾ സ്വർണ്ണ കാളക്കുട്ടിയെ ആരാധിച്ചതിനുശേഷം, കർത്താവിന്റെ സാന്നിധ്യം ഇനിമേൽ ജനത്തിന്റെ ഇടയിൽ ഉണ്ടായിരിക്കുകയില്ലെന്ന് മനസ്സിലാക്കിയ

മോശെ തന്റെ കൂടാരം നീക്കി പാളയത്തിൽനിന്ന് കുറച്ച് അകലെയായി കൂടാരമടിച്ചു; അവന്റെ കൂടാരം പിന്നീട് ദൈവത്തിന്റെ കൂടാരമായിത്തിർന്നു, കാരണം കർത്താവിന്റെ സാന്നിധ്യവും സംസാരവും അവിടെയായിരുന്നു—പുറ. 33:7-11.

Exo. 33:7 മോശെ കൂടാരം എടുത്തു പാളയത്തിന്നു പുറത്തു പാളയത്തിൽനിന്നു ദൂരത്തു അടിച്ചു; അതിന്നു സമാഗമനകൂടാരം എന്നു പേർ ഇട്ടു. യഹോവയെ അന്വേഷിക്കുന്നവനെല്ലാം പുറപ്പെട്ടു പാളയത്തിന്നു പുറത്തുള്ള സമാഗമനകൂടാരത്തിലേക്കു ചെന്നു.

Exo. 33:8 മോശെ കൂടാരത്തിലേക്കു പോകുമ്പോൾ ജനം ഒക്കെയും എഴുന്നേറ്റു ഒരോരുത്തൻ താന്താന്റെ കൂടാരവാതിൽക്കൽ നിന്നു, മോശെ കൂടാരത്തിന്നകത്തു കടക്കുവേളം അവനെ നോക്കിക്കൊണ്ടിരുന്നു.

Exo. 33:9 മോശെ കൂടാരത്തിൽ കടക്കുമ്പോൾ മേഘസ്തംഭം ഇറങ്ങി കൂടാരവാതിൽക്കൽ നിൽക്കയും യഹോവ മോശെയോടു സംസാരിക്കയും ചെയ്തു.

Exo. 33:10 ജനം എല്ലാം കൂടാരവാതിൽക്കൽ മേഘസ്തംഭം നില്ക്കുന്നതു കണ്ടു. ജനം എല്ലാം എഴുന്നേറ്റു ഓരോരുത്തൻ താന്താന്റെ കൂടാരവാതിൽക്കൽവെച്ചു നമസ്കരിച്ചു.

Exo. 33:11 ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു.

D. മോശെ തന്റെ കൂടാരം നീക്കി വിഗ്രഹാരാധികളുടെ പാളയത്തിൽനിന്ന് അതിനെ വേർപെടുത്തിയശേഷം, ഒരു മനുഷ്യൻ തന്റെ സ്നേഹിതനോട് സംസാരിക്കുന്നതുപോലെ കർത്താവ് അവനോട് മുഖാമുഖം സംസാരിച്ചു (വാ. 11, 14); ദൈവവും മോശെയും, ഒരേ ജോലിയിൽ ഏർപ്പെട്ടിരുന്നവരും ഒരു വലിയ സംരംഭത്തിൽ പൊതുവായ താല്പര്യവുമുള്ള സ്നേഹിതരും, സഹചാരികളും, പങ്കാളികളും ആയിരുന്നു; മോശെ ദൈവവുമായി ഉറ്റബന്ധമുള്ളവനും, അവൻ ദൈവത്തിന്റെ ഹൃദയത്തെ അറിഞ്ഞവനും, ദൈവത്തിന്റെ ഹൃദയപ്രകാരമുള്ളവനും, ദൈവത്തിന്റെ ഹൃദയത്തെ സ്പർശിക്കുവാൻ കഴിഞ്ഞവനുമായ ഒരു വ്യക്തി ആയിരുന്നു.

Exo. 33:11 ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു.

Exo. 33:14 അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു.

**III. അവരുടെ നീണ്ട അലഞ്ഞുതിരിയലിനുശേഷം, ദൈവം വാഗ്ദാനം ചെയ്ത നല്ലദേശത്തിലേക്ക് പ്രവേശിക്കുവാനും അവരുടെ അവകാശമായി അതിനെ അവകാശമാക്കുവാനും അവരെ ഒരുക്കുന്നതിന് യിസ്രായേൽമക്കളുടെ പുതിയ തലമുറയ്ക്കു മോശെയിലൂടെ ദൈവം ഒരു പുതുക്കപ്പെട്ട പരിശീലനം നൽകി; കാലേബും യോശുവയും ഒഴികെയുള്ള ഒന്നാമത്തെ തലമുറ മരിച്ചുകഴിഞ്ഞപ്പോൾ, രണ്ടാമത്തെ തലമുറ നല്ലദേശത്ത് പ്രവേശിച്ച് അതിനെ കൈവശമാക്കാൻ ഒരുക്കമുള്ളവരായിരുന്നു.**

A. ഒന്നാമത്തെ തലമുറ നമ്മുടെ പഴയ മനുഷ്യനെ മുൻകുറിക്കുന്നു; രണ്ടാമത്തെ തലമുറ നമ്മുടെ പുതുമനുഷ്യനെ മുൻകുറിക്കുന്നു—ആവ. 2:14; 8:6-10; പുറ. 3:8; കൊലൊ. 1:12:

Deut. 2:14 നാം കാദേശ്ബർന്നേയയിൽനിന്നു പുറപ്പെട്ടതുമുതൽ സേരെദ് തോടു കടക്കുംവരെയുള്ള കാലം മുപ്പത്തെട്ടു സംവത്സരം ആയിരുന്നു; അതിന്നിടയിൽ യോദ്ധാക്കളായിരുന്ന തലമുറ ഒക്കെയും യഹോവ അവരോടു സത്യം ചെയ്തതുപോലെ പാളയത്തിൽനിന്നു മുടിഞ്ഞുപോയി.

Deut. 8:6 ആകയാൽ നിന്റെ ദൈവമായ യഹോവയുടെ വഴികളിൽ നടന്നു അവനെ ഭയപ്പെട്ടു അവന്റെ കല്പനകൾ പ്രമാണിക്കേണം.

Deut. 8:7 നിന്റെ ദൈവമായ യഹോവ നല്ലോരു ദേശത്തേക്കല്ലോ നിന്നെ കൊണ്ടുപോകുന്നതു; അതു താഴ്വരയിൽനിന്നും മലയിൽനിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും ഉറവുകളും തടാകങ്ങളും ഉള്ള ദേശം;

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Deut. 8:9 ഒലിവുവൃക്ഷവും തേനും ഉള്ള ദേശം; സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിന്നും കുറവില്ലാത്തതുമായ ദേശം; കല്ലു ഇരിമ്പായിരിക്കുന്നതും മലകളിൽനിന്നു താമ്രം വെട്ടി എടുക്കുന്നതുമായ ദേശം.

Deut. 8:10 നീ ഭക്ഷിച്ചു തൃപ്തിപ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.

Exo. 3:8 അവരെ മിസ്രയീമ്യരുടെ കയ്യിൽനിന്നു വിടുവിപ്പാനും ആ ദേശത്തുനിന്നു നല്ലതും വിശാലവുമായ ദേശത്തേക്കു, പാലും തേനും ഒഴുകുന്ന ദേശത്തേക്കു, കനാന്യർ, ഹിത്യർ, അമോർയ്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നവരുടെ സ്ഥലത്തേക്കു അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു.

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

1. ദൈവത്തിന്റെ വാഗ്ദത്ത ദേശമായ, സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ പൂർണ്ണ അവകാശത്തിലേക്കും ആസ്വാദനത്തിലേക്കും നാം ജീവനിൽ വളരുന്നവരായിരിക്കണം; രൂപാന്തരം എന്നത് പഴയ മനുഷ്യൻ ഇല്ലാതാകുന്നതും പുതുമനുഷ്യൻ വളരുന്നതുമാണ്; ദൈവത്തിന്റെ വ്യവസ്ഥ എന്നത് നമ്മുടെ പഴയ മനുഷ്യൻ (പുറത്തെ മനുഷ്യൻ) ദഹിപ്പിക്കപ്പെടുന്നതും നമ്മുടെ പുതുമനുഷ്യൻ (അകത്തെ മനുഷ്യൻ) അനുദിനം പുതുക്കപ്പെടുന്നതുമാണ്—2 കൊരി. 4:16.

   2 Cor. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2. കർത്താവിന്റെ കരുണയാലും കൃപയാലും, കർത്താവിന്റെ പ്രത്യുദ്ധാരത്തിലേക്ക് നാം വന്നതു മുതൽ ദൈവത്തിന്റെ കെട്ടിടത്തിനും രാജ്യത്തിനുംവേണ്ടി നമ്മുടെ നല്ലദേശമായ ക്രിസ്തുവിന്റെ ആസ്വാദനത്തിലേക്ക് നമ്മെ ആനയിക്കുവാൻ ജീവനിലുള്ള നമ്മുടെ വളർച്ചയ്ക്കും ജീവനിലുള്ള രൂപാന്തരത്തിനും വേണ്ടി നാം പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്നു—3:18; റോമ. 12:2.

   2 Cor. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും

പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

Rom. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

B. ക്രിസ്തുവിന്റെ വചനം സമ്പന്നമായി നമ്മിൽ വസിക്കുമ്പോൾ ജീവനിലുള്ള നമ്മുടെ രൂപാന്തരം സംഭവിക്കുന്നു (കൊലൊ. 3:16); ആവർത്തനപുസ്തകം 8:3 പറയുന്നു, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, യഹോവയുടെ വായിൽനിന്നു പുറപ്പെടുന്ന സകലവും കൊണ്ട് ജീവിക്കുന്നു"; മത്തായി 4:4-ൽ *സകലവും* എന്നത് *സകല വചനത്താലും* പകരംവയ്ക്കപ്പെടുന്നു:

Col. 3:16 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ.

Matt. 4:4 എന്നാൽ അവൻ, "മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കും" എന്ന് എഴുതിയിരിക്കുന്നു എന്ന് ഉത്തരം പറഞ്ഞു.

1. വേദപുസ്തകത്തിലെ എല്ലാ വചനവും ദൈവത്തിന്റെ ശ്വാസമാണ്, എല്ലാം എന്നത് ദൈവജനത്തിന്റെ ജീവനും ജീവസഹായവുമായിരിക്കുവാൻ ദൈവവചനത്തിന്റെ ആകത്തുകയായ ക്രിസ്തുവിനെ പരാമർശിക്കുന്നു (യോഹ. 1:1; വെളി. 19:13); ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നത് ദിവ്യ ശ്വാസത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനാൽ ജീവിക്കുന്നതാണ് (യോഹ. 6:57, 63; 20:22).

John. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

Rev. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

John. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

John. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

John. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

2. തിരുവെഴുത്തുകൾ ദൈവത്തിന്റെ നിശ്വാസം, ദൈവത്തിന്റെ ഉച്ഛ്വാസം ആയതുകൊണ്ട് (2 തിമൊ. 3:16), സകല പ്രാർഥനയാലും ദൈവവചനം സ്വീകരിച്ചുകൊണ്ട് നാം തിരുവെഴുത്തുകൾ ഉള്ളിലേക്ക് ശ്വസിക്കണം (എഫെ. 6:17-18); നാം വേദപുസ്തകം പഠിപ്പിക്കുമ്പോൾ, നാം ദൈവത്തെ ജനത്തിലേക്ക് നിശ്വസിക്കണം.

2 Tim. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

Eph. 6:17 രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ

ആത്മാവ് ദൈവവചനം ആകുന്നു,

Eph. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

3. നല്ല ദേശമെന്ന നിലയിൽ ക്രിസ്തുവിനെ പൂർണ്ണമായി കൈവശമാക്കുന്നതിന്, അനുദിനം കർത്താവിന്റെ പുതിയ സംസാരം സ്വീകരിച്ചുകൊണ്ട് നാം അവനുമായുള്ള നമ്മുടെ ഉന്മേഷവും പുതുമയും നിലനിർത്തണം (വിലാ. 3:22-24; ആവ. 34:7; റോമ. 7:6; യിരെ. 15:16); ദേശത്ത് ക്ഷീണിച്ചുപോകാതിരിക്കുവാൻ നാം സൂക്ഷിക്കണം (ആവ. 4:25); "ആചാരത്തിന്റെ ശീലത്താലോ ഒരേ സ്ഥലത്ത് ദീർഘകാലം താമസിക്കുന്നതിനാലോ ഉളവാക്കപ്പെടുന്ന ആത്മിക ഉന്മേഷത്തിന്റെ നഷ്ടവും യഥാർഥ മതിപ്പുകളുടെ മങ്ങലും" എന്നാണ് *ക്ഷീണിക്കുക* എന്ന പദം വിവക്ഷിക്കുന്നത് (എസ്. ആർ. ഡ്രൈവർ).

Lam. 3:22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;

Lam. 3:23 അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.

Lam. 3:24 യഹോവ എന്റെ ഓഹരി എന്നു എന്റെ ഉള്ളം പറയുന്നു; അതുകൊണ്ടു ഞാൻ അവനിൽ പ്രത്യാശവെക്കുന്നു.

Deut. 34:7 മോശെ മരിക്കുമ്പോൾ അവന്നു നൂറ്റിരുപതു വയസ്സായിരുന്നു. അവന്റെ കണ്ണു മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയും ഇരുന്നു.

Rom. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

Jer. 15:16 ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

Deut. 4:25 നീ മക്കളെയും മക്കളുടെ മക്കളെയും ജനിപ്പിച്ചു ദേശത്തു ഏറെക്കാലം പാർത്തു വഷളായിത്തീർന്നിട്ടു വല്ലതിന്റെയും സാദൃശ്യമായ വിഗ്രഹം ഉണ്ടാക്കി നിന്റെ ദൈവമായ യഹോവെക്കു അനിഷ്ടമായുള്ളതു ചെയ്തു അവനെ കോപിപ്പിച്ചാൽ

4. നാം ദൈവത്തെ സ്നേഹിക്കുകയും, നമ്മെത്തന്നെ താഴ്ത്തുകയും, അവന്റെ വചനം പ്രാർഥനാവായന ചെയ്തുകൊണ്ട് അവന്റെ എഴുതപ്പെട്ട വചനത്തിലെ ജീവനുള്ള വചനമായ കർത്താവിന്റെ അടുക്കൽ വരികയും ചെയ്യുന്നുവെങ്കിൽ, അവൻ നമുക്ക് ആത്മാവിന്റെ പ്രയോഗിക്കപ്പെട്ട വചനമായിത്തീരുന്നു; അവന്റെ തത്സമയ വചനങ്ങൾ നമ്മുടെ സഹായത്തിനും പോഷണത്തിനും വേണ്ടി നമുക്ക് ആത്മാവും ജീവനുമാണ്, അവന്റെ വചനങ്ങളിലൂടെ നാം ദൈവത്തിന്റെ സത്തയാൽ സന്നിവേശിപ്പിക്കപ്പെടുന്നു, അങ്ങനെ അവന്റെ തേജസ്സിനും അവന്റെ ആവിഷ്കകാരത്തിനും വേണ്ടി, ദൈവത്വത്തിലല്ല, ജീവനിലും പ്രകൃതത്തിലും നാം ദൈവവുമായി ഒന്നായിത്തീരുന്നു—യോഹ. 5:39-40; 6:57, 63; എഫെ. 5:26-27.

John. 5:39 നിങ്ങൾ തിരുവെഴുത്തുകളെ തിരയുന്നു, എന്തുകൊണ്ടെന്നാൽ അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ കരുതുന്നു; അവയാകുന്നു എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നത്.

John. 5:40 എങ്കിലും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾ ഇച്ഛിക്കുന്നില്ല.

John. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

John. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

Eph. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

Eph. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

**IV. ദൈവത്താലുള്ള പുതുക്കപ്പെട്ട പരിശീലനം ഒമ്പതു കാര്യങ്ങളിൽ അവന്റെ ജനത്തോടുള്ള അവന്റെ ആജ്ഞയായിരുന്നു:**

A. നാം കർത്താവിനെ ഭയപ്പെടേണം; കർത്താവിനെ ഭയപ്പെടുന്നത് അവനെ നീരസപ്പെടുത്തുന്നതിലും, അവന്റെ സാന്നിധ്യം നഷ്ടപ്പെടുത്തുന്നതിലും, അടുത്ത യുഗത്തിൽ നമ്മുടെ പ്രതിഫലമായി അവനെ സ്വീകരിക്കാതിരിക്കുന്നതിലും അവനെ ഭയപ്പെടുന്നതാണ്; ഈ യുഗത്തിൽ കർത്താവിന്റെ പുഞ്ചിരിയും അടുത്ത യുഗത്തിൽ അവന്റെ പ്രതിഫലവും നഷ്ടപ്പെടുന്നതിന്റെ ഭയത്തിൽ നാം ആയിരിക്കണം—സദൃ. 1:1, 7; എഫെ. 4:30; 2 കൊരി. 5:9-10.

Prov. 1:1 യിസ്രായേൽരാജാവായി ദാവീദിന്റെ മകനായ ശലോമോന്റെ സദൃശവാക്യങ്ങൾ.

Prov. 1:7 യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; ഭോഷന്മാരോ ജ്ഞാനവും പ്രബോധനവും നിരസിക്കുന്നു.

Eph. 4:30 ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനിൽ നിങ്ങളെ, വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നുവല്ലോ.

2 Cor. 5:9 അതുകൊണ്ട് ഭവനത്തിൽ ആയിരുന്നാലും അകലെ ആയിരുന്നാലും, അവന് സുപ്രസാദമുള്ളവർ എന്ന മാനം നേടുവാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

2 Cor. 5:10 എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു.

B. നാം ദൈവത്തിന്റെ വഴികളിൽ നടക്കണം; ദൈവം എന്തെല്ലാമായിരിക്കുന്നുവോ, അവ നമുക്കുള്ള വഴിയാണ്; തന്മൂലം, നമ്മുടെ വഴികളായി ദൈവം ആയിരിക്കുന്നതിനെ എടുക്കുന്നതും ഈ വഴികളിൽ നടക്കുന്നതും ദൈവത്തെ ജീവിക്കുന്നതാണ്, ക്രിസ്തുവിനെ ജീവിക്കുന്നതാണ്; നമ്മുടെ വഴിയായി ക്രിസ്തുവിനെ എടുക്കുന്നത് അവനെ ജീവിക്കുന്നതാണ്, അവനെ ജീവിക്കുന്നത് അവനെ ആവിഷ്കരിക്കുന്നതാണ്, അവനെ മഹിമപ്പെടുത്തുന്നതാണ്—യോഹ. 14:6; ഫിലി. 1:19-21.

John. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

Phil. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ

ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

Phil. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

C. നമ്മുടെ ദൈവമായ കർത്താവായ യേശുവിനെ നാം സ്നേഹിക്കണം (യോഹ. 20:28); ദൈവം നമ്മെ സ്നേഹിക്കുകയും അവന്റെ പ്രീതി നമ്മുടെമേൽ വച്ചിരിക്കുകയും ചെയ്യുന്നതുകൊണ്ട് (ആവ. 10:15; യിരെ. 31:3) നമ്മുടെ പ്രീതി അവന്റെമേൽ വച്ചുകൊണ്ട് നാം അവനെ തിരികെ സ്നേഹിക്കണം (1 കൊരി. 2:9).

John. 20:28 തോമാസ് അവനോട്, എന്റെ കർത്താവും എന്റെ ദൈവവുമേ! എന്ന് ഉത്തരം പറഞ്ഞു.

Deut. 10:15 നിന്റെ പിതാക്കന്മാരോടു മാത്രം യഹോവെക്കു പ്രീതിതോന്നി അവരെ സ്നേഹിച്ചു; അവരുടെ ശേഷം അവരുടെ സന്തതിയായ നിങ്ങളെ ഇന്നുള്ളതുപോലെ അവൻ സകലജാതികളിലുംവെച്ചു തിരഞ്ഞെടുത്തു.

Jer. 31:3 യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.

1 Cor. 2:9 "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

D. നമ്മുടെ പൂർണ ഹൃദയത്തോടും നമ്മുടെ ദേഹിയോടുംകൂടെ നാം ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും വേണം; നമ്മുടെ ഹൃദയം നമ്മുടെ ആത്മാവിനോട് ബന്ധപ്പെട്ടിരിക്കുന്നു, കാരണം നമ്മുടെ ആത്മാവിന്റെ ഒരു പ്രവർത്തനമായ (റോമ. 9:1) നമ്മുടെ മനഃസാക്ഷി നമ്മുടെ ഹൃദയത്തിന്റെ ഒരു പ്രവർത്തനവുമാണ് (എബ്രാ. 10:22); അങ്ങനെ, നമ്മുടെ പൂർണ ഹൃദയത്തോടും ദേഹിയോടുംകൂടെ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നത് സ്നേഹത്തിന്റെ ആത്മാവായ (2 തിമൊ. 1:7) നമ്മുടെ ആത്മാവോടുകൂടെ നാം അവനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നുവെന്ന് സൂചിപ്പിക്കുന്നു (റോമ. 1:9).

Rom. 9:1 എന്റെ മനസ്സാക്ഷി എന്നോടുകൂടെ പരിശുദ്ധാത്മാവിൽ സാക്ഷ്യം വഹിച്ചുകൊണ്ട്, ഞാൻ ക്രിസ്തുവിൽ സത്യം സംസാരിക്കുന്നു, ഞാൻ കളവ് പറയുന്നില്ല,

Heb. 10:22 ദുർമനസ്സാക്ഷിയിൽ നിന്നു നമ്മുടെ ഹൃദയങ്ങൾ തളിക്കപ്പെട്ടും നിർമല ജലത്താൽ നമ്മുടെ ശരീരങ്ങൾ കഴുകപ്പെട്ടും, വിശ്വാസത്തിന്റെ പൂർണനിശ്ചയത്തിൽ പരമാർഥ ഹൃദയത്തോടെ നമുക്ക് അതിവിശുദ്ധസ്ഥലത്തേക്ക് മുമ്പോട്ട് കടന്നുവരാം.

Rom. 1:9 ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്,

2 Tim. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ

നൽകിയിരിക്കുന്നത്.

E. നമ്മുടെ നന്മയ്ക്കുവേണ്ടി നാം അവന്റെ കല്പനകളും ചട്ടങ്ങളും പാലിക്കണം; ഇതർഥമാക്കുന്നത് നാം അനുഗ്രഹിക്കപ്പെടത്തക്കവണ്ണം ദൈവത്തിന്റെ കല്പനകളുടെ യാഥാർഥ്യമെന്ന നിലയിൽ നാം ക്രിസ്തുവിനെയും നമ്മിലേക്ക് ശുശ്രൂഷിക്കപ്പെട്ട ക്രിസ്തുവിന്റെ സമ്പന്നതകളെയും പാലിക്കണം എന്നാണ്—ആവ. 10:13.

Deut. 10:13 ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന യഹോവയുടെ കല്പനകളും ചട്ടങ്ങളും നിന്റെ നന്മെക്കായി പ്രമാണിക്കയും വേണം എന്നല്ലാതെ നിന്റെ ദൈവമായ യഹോവ നിന്നോടു ചോദിക്കുന്നതു എന്തു?

F. നമ്മുടെ ഹൃദയത്തിന്റെ അഗ്രചർമം നാം പരിച്ഛേദന ചെയ്യണം; അതിനർഥം നമ്മുടെ ജഡത്തെ, അതായത് നമ്മുടെ സ്വാഭാവിക ആളത്തത്തിൽ നാം ആയിരിക്കുന്നതും നമുക്കുള്ളതുമായ എല്ലാം, നമ്മുടെ വീണ്ടുംജനിപ്പിക്കപ്പെട്ട ആത്മാവിൽ ജീവിക്കുന്നതിനാലും സേവിക്കുന്നതിനാലും നാം ക്രൂശിക്കുന്നു എന്നാണ് (റോമ. 1:9; 2:28-29; 7:6; 8:4, 16; ഗലാ. 5:24); ഇത് നമ്മെ യഥാർഥ "പരിഛേദനക്കാർ, ദൈവാത്മാവിനാൽ സേവിക്കുന്നവരും ക്രിസ്തു യേശുവിൽ പ്രശംസിക്കുന്നവരും ജഡത്തിൽ ആശ്രയമില്ലാത്തവരും" ആക്കുന്നു (ഫിലി. 3:3).

Gal. 5:24 എന്നാൽ ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ, ക്രൂശിച്ചിരിക്കുന്നു.

Rom. 1:9 ഒടുവിൽ ഏതെങ്കിലും വിധത്തിൽ നിങ്ങളുടെ അടുക്കൽ വരുവാൻ ദൈവഹിതത്തിൽ ഞാൻ അഭിവൃദ്ധിപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്,

Rom. 2:28 പുറമേ യെഹൂദനായവൻ യെഹൂദനല്ല; പുറമേ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല.

Rom. 2:29 എന്നാൽ അകമേ യെഹൂദനായവനത്രേ യെഹൂദൻ; അക്ഷരത്തിലല്ല, ആത്മാവിലുള്ള, ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന, അവന്റെ പുകഴ്ച്ച മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽ നിന്നത്രേ ആകുന്നു.

Rom. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

Rom. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

Rom. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

G. നാം ഇനിമേൽ ദുശ്ശാഠ്യമുള്ളവരായിരിക്കരുത്; നമ്മുടെ ദുശ്ശാഠ്യം നമ്മുടെ വഴങ്ങാത്തതും മത്സരമുള്ളതുമായ ഇച്ഛയെയും സൂചിപ്പിക്കുന്നു (ആവ. 31:27), അത് അവനോടുള്ള നമ്മുടെ അനുസരണത്തിൽ നമ്മുടെ സൗന്ദര്യമായിത്തീരേണ്ടതിന് രൂപാന്തരപ്പെടുത്തുന്ന ആത്മാവെന്ന നിലയിൽ ക്രിസ്തുവിലൂടെ കീഴ്പ്പെടുത്തപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും വേണം (ഉത്ത. 1:10; ഫിലി. 2:13).

Deut. 31:27 നിന്റെ മത്സരസ്വഭാവവും ദുശ്ശാഠ്യവും എനിക്കു അറിയാം; ഇതാ, ഇന്നു ഞാൻ നിങ്ങളോടു കൂടെ ജീവിച്ചിരിക്കുമ്പോൾ തന്നേ നിങ്ങൾ യഹോവയോടു മത്സരികളായിരിക്കുന്നുവല്ലോ? എന്റെ മരണശേഷം എത്ര അധികം?

S.S. 1:10 നിന്റെ കവിൾത്തടങ്ങൾ രത്നാവലികൊണ്ടും നിന്റെ കഴുത്തു മുത്തുമാലകൊണ്ടും ശോഭിച്ചിരിക്കുന്നു.

Phil. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

H. ദൈവത്തിന്റെ മുഴുവൻ കല്പനയുമെന്ന നിലയിൽ ക്രിസ്തുവിനോട് നാം മുറുകെപ്പറ്റിയിരിക്കണം; അപ്പോൾ നമ്മുടെ നല്ലദേശമായ ക്രിസ്തുവിനെ കൈവശമാക്കുവാൻ മുന്നോട്ടുപോകുന്നതിന് നാം ബലപ്പെട്ടും പ്രോത്സാഹിപ്പിക്കപ്പെട്ടുമിരിക്കും (ആവ. 11:8, 24); ഇതർഥമാക്കുന്നത് നാം ക്രിസ്തുവിനെ നേടുമെന്നാണ് (ഫിലി. 3:8); കൂടാതെ, നമ്മുടെ നാളുകൾ ക്രിസ്തുവിൽ ദീർഘമുള്ളതാകുകയും (ആവ. 11:9, 21), നമുക്കുവേണ്ടി കരുതുവാനും അവന്റെ സാന്നിധ്യത്തിന്റെ അനുഗ്രഹം നമുക്ക് നൽകുവാനും (വാ. 12) ദൈവത്തിന്റെ ദൃഷ്ടി നമ്മുടെമേൽ ഇരിക്കുകയും, നാം സ്വർഗീയ മഴ, ക്രിസ്തുവിന്റെ വിളവ് കൊയ്യുവാനുള്ള ആത്മാവിന്റെ നനവ് ആസ്വദിക്കുകയും ചെയ്യും (വാ. 14-15).

Deut. 11:8 ആകയാൽ നിങ്ങൾ ബലപ്പെടുവാനും നിങ്ങൾ കൈവശമാക്കുവാൻ കടന്നുപോകുന്ന ദേശം ചെന്നടക്കുവാനും

Deut. 11:24 നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന ഇടമൊക്കെയും നിങ്ങൾക്കു ആകും; നിങ്ങളുടെ അതിർ മരുഭൂമിമുതൽ ലെബാനോൻവരെയും ഫ്രാത്ത് നദിമുതൽ പടിഞ്ഞാറെ കടൽവരെയും ആകും.

Phil. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

Deut. 11:9 യഹോവ നിങ്ങളുടെ പിതാക്കന്മാർക്കും അവരുടെ സന്തതിക്കും കൊടുക്കുമെന്നു അവരോടു സത്യംചെയ്ത ദേശമായി പാലും തേനും ഒഴുകുന്ന ദേശത്തു നിങ്ങൾ ദീർഘായുസ്സോടിരിപ്പാനുമായി ഇന്നു ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്ന കല്പനകളൊക്കെയും പ്രമാണിച്ചു നടപ്പിൻ.

Deut. 11:21 അവയെ നിന്റെ വീട്ടിന്റെ കട്ടിളകളിൻമേലും പടിവാതിലുകളിലും എഴുതേണം.

Deut. 11:12 നിന്റെ ദൈവമായ യഹോവ പരിപാലിക്കുന്നതുമായ ദേശമാകുന്നു. ആണ്ടിന്റെ ആരംഭംമുതൽ അവസാനംവരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു.

Deut. 11:14 ധാന്യവും വീഞ്ഞും എണ്ണയും ശേഖരിക്കേണ്ടതിന്നു ഞാൻ തക്കസമയത്തു നിങ്ങളുടെ ദേശത്തിന്നു വേണ്ടുന്ന മുൻമഴയും പിൻമഴയും പെയ്യിക്കും.

Deut. 11:15 ഞാൻ നിന്റെ നിലത്തു നിന്റെ നാൽക്കാലികൾക്കു പുല്ലും തരും; നീ തൃപ്തിയാകുംവണ്ണം ഭക്ഷിക്കും.

I. “അവന്റെ നാമത്തിൽ സത്യം ചെയ്യേണം. അവൻ ആകുന്നു നിന്റെ പുകഴ്ച; അവൻ ആകുന്നു നിന്റെ ദൈവം; നീ കണ്ണാലെ കണ്ടിട്ടുള്ള മഹത്തും ഭയങ്കരവുമായ കാര്യങ്ങളെ നിനക്കുവേണ്ടി ചെയ്തത് അവൻ തന്നേ” (10:20-21); പുതിയനിയമനുസരിച്ചും അനുഭവത്തിലും, ഇതർഥമാക്കുന്നത് നാം കർത്താവിന്റെ ജൈവിക രക്ഷയും അപ്രമേയധനവും ആസ്വദിക്കത്തക്കവണ്ണം നാം കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നു എന്നാണ് (റോമ. 10:12-13).

Rom. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

Rom. 10:13 “കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.”